# തിരുഹൃദയ മാസിക

(Sacred Heart Monthly)

Vol. 83

2018 February


83

Years of Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press
Building
K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  കെ.സി.എസ്.എൽ.
  ലീജിയൻ ഓഫ് മേരി
  തിരുബാലസഖ്യം
  കെ.സി.വൈ.എൽ.
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
- കെ.സി.ഡബ്ല്യു.എ
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ



**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

# മദ്യവിരുദ്ധ ഞായർ, 18 ഫെബ്രുവരി 2018 കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2018 ഫെബ്രുവരി 18-ാംതീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. വലിയ നോമ്പിന്റെ മൂന്നാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റേയും നവീകരണത്തിന്റേയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന തിന്മകളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കണമെന്ന് ഓരോ നോമ്പുകാലവും നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന തിന്മയാണ് മദ്യത്തിന്റേയും ലഹരിയുടെയും ഉപയോഗം. മദ്യാസക്തി ദുർമോഹങ്ങളിലേക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6-10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനംതന്നെ മദ്യാസക്തി എന്ന തിന്മയുടെ ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. "പകലിന് യോജിച്ചവിധം പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്" (റോമ 13:13). ജീവിത ബലഹീനതകളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

കെസിബിസി മദ്യവിരുദ്ധ സമിതി കേരളസഭയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ട് ഇത് 20-ാം വർഷമാണ്. "മദ്യ വിമുക്ത സഭയും സമൂഹവും" എന്നതാണ് സമിതിയുടെ മുദ്രാവാക്യം. മദ്യവിരുദ്ധ സമിതി

സ്വപ്നം കാണുന്ന മദ്യവിമുക്തമായ സഭയും സമൂഹവും എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പ്രതികരിക്കുന്നതും സാധ്യമായ വിധത്തിലെല്ലാം ഈ തിന്മകൾക്കെതിരെ നിലകൊള്ളുന്നതും ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രേഷ്ഠമായ സാമൂഹ്യ പ്രവർത്തനമാണ്. "സ്വന്തം ബോധ്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരുസംഘം ആളുകൾ ഉണ്ടെങ്കിൽ സമൂഹത്തിൽ മാറ്റം വരുത്താനാകും" എന്ന മഹാത്മാ ഗാന്ധിയുടെ വാക്കുകൾ മദ്യവിരുദ്ധ പ്രവർത്തകർക്ക് കരുത്തേകേണ്ടതാണ്.

സാക്ഷരത, കുടുംബക്ഷേമം, ആരോഗ്യം എന്നീ തലങ്ങളിൽ ലോകത്തിനു തന്നെ മാതൃകയായിത്തീർന്ന സാംസ്കാരിക കേരളം മദ്യപാനത്തിലും ആത്മഹത്യയിലും ഒന്നാം നിരയിലാണെന്ന ലജ്ജാകരമായ സത്യം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിന്റേതായിട്ടുണ്ട്. എന്നാൽ കേരളസമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ-ലഹരി സംസ്ക്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ലഹരിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങളാണ് മദ്യത്തിന്റെ കെണിയിൽപ്പെട്ട് ദിനംപ്രതി നശിക്കുന്നത്. പട്ടണത്തിലായാലും ഗ്രാമത്തിലായാലും കുടുംബങ്ങൾ അക്ഷരാർത്ഥത്തിൽ മദ്യംമൂലം നരകയാതന അനുഭവിക്കുകയാണ്. ഈ മദ്യ പിശാചിന്റെ ശാപവും ദുർവിധിയും പേറുന്നത് സ്ത്രീകളും കുട്ടികളുമാണ്. മദ്യസംസ്ക്കാരത്തിന്റെ പൈശാചിക രൂപഭാവങ്ങളും അവ കുടുംബ-സാമൂഹ്യ-സാംസ്കാരിക-ധാർമ്മിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ സൃഷ്ടിക്കുന്ന ഭീകരാവസ്ഥയും കണ്ടിട്ടും കണ്ടില്ലായെന്ന് നടിക്കുന്നവർ ചെയ്യുന്നത് പാപമാണ്.

മനുഷ്യ നന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ-നവോത്ഥാന രംഗങ്ങളിൽ മാറ്റത്തിന്റെ ചാലക ശക്തിയാകാൻ

കേരള സഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കെതിരെയുമുള്ള സന്ധിയില്ലാ സമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരും തലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും മറ്റ് ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സാമൂഹ്യ ഇടപെടൽ.

മദ്യത്തിനെതിരായ പോരാട്ടത്തിൽ സർക്കാർ ഒപ്പമുണ്ടാകും എന്ന പ്രതീക്ഷയ്ക്ക് മങ്ങൽ ഏറ്റുകഴിഞ്ഞു. സർക്കാരിന്റെ മദ്യനയം മദ്യ ലഭ്യത കുറയ്ക്കുകയല്ല മറിച്ച് വർദ്ധിപ്പിക്കുകയാണെന്ന് ഓണം -ക്രിസ്തുമസ്സ്ക്കാല റിക്കാർഡ് മദ്യവിൽപന നമ്മെ ബോധ്യപ്പെടുത്തിക്കഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ, 'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യവിപത്തായി മാറിയിട്ടുണ്ടെന്നും അതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകമായ നയമായിരിക്കും സ്വീകരിക്കുകയെന്നും' വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതിന് കടകവിരുദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദ്യംചെയ്തത് പ്രതിവർഷം 10 ശതമാനം വീതം ബീവറേജ് ഔട്ട്ലെറ്റുകൾ പൂട്ടുവാനുള്ള മുൻതീരുമാനം റദ്ദ് ചെയ്യലായിരുന്നു. തുടർന്ന് ഒരു പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ജനത്തിന് അധികാരം നല്കുന്ന പഞ്ചായത്ത്രാജ്-നഗരപാലികാ ബില്ലിലെ 232, 447 എന്നീ വകുപ്പുകൾ റദ്ദ് ചെയ്യുകയുണ്ടായി. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള ആസൂത്രിത നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ജനത്തിന്റെ ഈ അധികാരം എടുത്തുകളഞ്ഞത്. മുമ്പ് മദ്യനയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചിരുന്നു. എന്നാൽ ഈ സർക്കാർ ത്രീ സ്റ്റാറും അതിനു മുകളിലും ഉള്ള ഹോട്ടലുകൾക്കെല്ലാം ബാർ അനുവദിച്ചുകൊടുത്തു. ബീവറേജിന്റെയും കൺസ്യൂമർഫെഡിന്റെയും മദ്യക്കടകൾ സൂപ്പർ മാർക്കറ്റുകളാക്കി

മാറ്റി മദ്യം സുലഭമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. കൂടാതെ മദ്യം സുലഭമാക്കാനുള്ള വിവിധ നടപടികൾ വിവിധ മേഖലകളിൽ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

ആശങ്ക ഉണർത്തുന്ന മറ്റൊരു കാര്യമാണ് ബ്രിട്ടീഷ്കാരുടെ കാലം മുതൽ ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 200 മീറ്റർ ചുറ്റളവിൽ മദ്യവില്പന പാടില്ലെന്ന നിയമം ഈ സർക്കാർ എടുത്തുകളഞ്ഞത്. ഇവിടെയുള്ള ദൂരപരിധി 50 മീറ്ററാക്കി ചുരുക്കുകയുണ്ടായി. വിദ്യാലയങ്ങളും ആരാധനാലയങ്ങളും നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന്റെയും ധാർമ്മികതയുടെയും അടയാളങ്ങളാണ്. ഒരു രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ബാധ്യത പ്രധാനമായും സർക്കാരിനാണ്. മദ്യക്കച്ചവടക്കാർക്ക്വേണ്ടി അതു അടിയറ വച്ചത് ഖേദകരമാണെന്ന് പറയേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളെയും ദൈവാലയങ്ങളെയുംകാൾ മദ്യവില്പനയ്ക്ക് മുൻതൂക്കം കൊടുക്കുന്നത് ധാർമ്മിക അപചയമാണെന്ന് പറയാതെ വയ്യാ. ജനങ്ങളുടെ താത്പര്യമല്ല, മറിച്ച് മദ്യ മുതലാളിമാരുടെ താത്പര്യമാണ് ഇവിടെ സംരക്ഷിക്കപ്പെടുന്നതെന്ന യാഥാർത്ഥ്യവും കൂടുതൽ വ്യക്തമാകുന്നു.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ സമീപനങ്ങളെക്കുറിച്ച് ഏറെ നാളുകളായി നമ്മൾ കേൾക്കുന്നതാണ്. മദ്യവർജ്ജനമെന്നത് ഒരുവ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അതേസമയം, മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനും ഉള്ള അധികാരവും കടമയും ഉത്തരവാദിത്വവും സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാരിന് ഉണ്ടായിരിക്കണം. മദ്യലഭ്യതകുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനനയംപോരാ. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപഭോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെയ്പ്. മദ്യനിയന്ത്രണത്തിലൂടെയും ബോധവത്ക്കരണ കർമ്മപരിപാടികളി

ലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗിക വുമായ മദ്യനയം. മദ്യം സുലഭമാക്കിയിട്ട് മദ്യവർജ്ജനം ഉപദേശി ക്കുന്നത് മേശപ്പുറത്ത് മിഠായി ഭരണി തുറന്നുവച്ചിട്ട് അത് കഴിക്കരു തെന്ന് കുട്ടികളെ ഉപദേശിക്കുന്നതുപോലെ വ്യർത്ഥമാണെന്ന് ഗാന്ധിജി പറഞ്ഞുവച്ചതും നമുക്കോർക്കാം.

ജനാധിപത്യസംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമ ത്തിനാണ് ഭരണാധികാരികൾ പ്രാധാന്യം കൊടുക്കേണ്ടത്. പാവ പ്പെട്ടവന്റെ ജീവിതനിലവാരം ഉയർത്തുകയും വളർത്തുകയും ചെയ്യു ന്നതിനാവശ്യമായ നയങ്ങളാണ് സർക്കാർ ആവിഷ്ക്കരിക്കേണ്ടത്. മദ്യനയം പരിശോധിക്കുമ്പോൾ ദരിദ്രനെ കൂടുതൽ ദരിദ്രനാക്കി മാറ്റുന്ന നയമാണ് സർക്കാർ അവലംബിക്കുന്നതെന്ന് കാണാം. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനംനടത്തുമ്പോൾ ആയിരം തൊഴി ലാളികൾ മദ്യം കുടിച്ച് നശിക്കുകയാണ്. മദ്യശാലയ്ക്ക് മുന്നിൽ ഒരാൾ ക്യൂ നിൽക്കുമ്പോൾ അവന്റെ കുടുംബത്തിൽ അസ്വസ്ഥ മായ മനസ്സോടെ അഞ്ചുപേർ ഇരിക്കുന്നുണ്ട്. അവരുടെ ദുരിതജീ വിതം സർക്കാർ കാണുന്നില്ല, മനസ്സിലാക്കുന്നില്ല. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാ ധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കട മയും ബാധ്യതയുമുണ്ട്. മദ്യവില്പനയിൽ നിന്ന് ലഭിക്കുന്ന ലാഭ ത്തെക്കാൾ കൂടുതൽ തുക സർക്കാരിന് മദ്യം വിതയ്ക്കുന്ന പ്രത്യാ ഘാതങ്ങളെ നേരിടാൻ ചിലവാക്കേണ്ടിവരുന്നുണ്ട്. മദ്യം മൂലമുണ്ടാ കുന്ന ഗാർഹിക-സ്ത്രീ പീഡനങ്ങൾ, ആക്രമണങ്ങൾ, ഗുണ്ടാ-ക്വ ട്ടേഷൻ സംഘങ്ങളുടെ വിളയാട്ടങ്ങൾ, വർദ്ധിച്ചുവരുന്ന റോഡപക ടങ്ങൾ, കൊലപാതകങ്ങൾ, വിവാഹമോചനങ്ങൾ, രോഗങ്ങൾ തുട ങ്ങിയവക്ക് മദ്യം വിൽക്കുന്ന അധികാരികൾ ഉത്തരവാദികളാണ് എന്നതും എടുത്തുപറയേണ്ടതാണ്. ലഹരിക്കെതിരെ നിലവിലെ സർക്കാർ കേരളത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ബോധവ ത്ക്കരണ പരിപാടികളെ സ്വാഗതം ചെയ്യുമ്പോഴും ഈ മദ്യനയം ഒരു ജനാധിപത്യ സർക്കാരിന് ചേരുന്ന പ്രവർത്തനശൈലിയാണോ യെന്ന് ഗൗരവകരമായ പരിശോധനയ്ക്ക് വിഷയമാക്കണം.

മദ്യത്തോട് സന്ധിയില്ലാ സമരം ചെയ്യുമ്പോഴും പുതിയ തലമുറ മദ്യത്തിൽനിന്നും ഇതര ലഹരി വസ്തുക്കളിലേക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത് നമ്മുടെ സവിശേഷ ശ്രദ്ധപതിയേണ്ട സാഹചര്യമാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി വിവിധ ഏജൻസികളുടെ പഠന റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരള സമൂഹം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി വർത്തിച്ചുകൊണ്ട് നിർണ്ണായകഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെസിബിസി മദ്യ വിരുദ്ധ സമിതിക്ക് സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. 2017 നവംബർ 15 മുതൽ ഡിസംബർ 2 വരെ മദ്യനയത്തിനും മദ്യവിപത്തിനുമെതിരെ കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മുതൽ കാസർകോഡ് വരെ നടത്തിയ 'വിമോചനയാത്ര' പ്രത്യേക പ്രശംസ പിടിച്ചുപറ്റിയിരുന്നു. കൂടുതൽ ഫലപ്രദവും ദൂരവ്യാപക മാറ്റങ്ങൾക്ക് വഴിതുറക്കുന്നതുമായ പ്രവർത്തനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ ഇനിയും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും ചെയ്യണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. എല്ലാ ഇടവകകളിലും കെസിബിസി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ ആരംഭിച്ച് മദ്യവിരുദ്ധ പ്രവർത്തനം കാര്യക്ഷമമാക്കണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ ഉത്തരവാദിത്തബോധത്തോടെ എടുക്കണം. മദ്യവിരുദ്ധ ഞായറാഴ്ച്ച ആചരിക്കുന്ന ഫെബ്രുവരി 18-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെസിബിസി മദ്യ വിരുദ്ധസമിതിക്ക് നല്കുകയും ചെയ്യുമല്ലോ.

മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യത്തിലേക്ക് പ്രതിബദ്ധതയോടെ നമുക്കൊരുമിച്ച് മുന്നേറാം. മദ്യം തിന്മയാണെന്ന തിരിച്ചറിവും ഈ തിന്മയ്ക്കെതിരെ പോരാടാനുള്ള നിശ്ചയദാർഢ്യവും മദ്യവിമുക്ത സമൂഹത്തിനായുള്ള പ്രതിബദ്ധതയും നമുക്ക് വളർത്തിയെടുക്കാം. നല്ല നാളേയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയോടു ചേർന്ന് പ്രവർത്തിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ട്,

സ്നേഹപൂർവം,

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

NB : 2018 ഫെബ്രുവരി 18-ാം തിയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0002/2018

## 2017 ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 25–ാം സിനഡിന്റെ ദ്വിതീയസമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സിനഡിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ 25-ാം സിനഡിന്റെ രണ്ടാം സെഷൻ ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ സഭാ ആസ്ഥാനത്ത് കൂടുകയുണ്ടായി. ഈ കഴിഞ്ഞ 25 വർഷങ്ങളിൽ നമ്മുടെ സഭയുടെ നാനാവിധമായ വളർച്ചയും ആധുനിക കാലഘട്ടത്തിലെ സഭയുടെ പൊതു സാക്ഷ്യവും സിനഡ് വിലയിരുത്തുകയുണ്ടായി. ഈ ജൂബിലി വർഷത്തിൽ നമ്മുടെ സഭാസന്താനമായ സി. റാണി മരിയ എഫ്.സി.സി. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെടുന്നത് സീറോ മലബാർ സഭയ്ക്കു മുഴുവൻ സന്തോഷം നൽകുന്ന കാര്യമാണ്. സി. റാണി മരിയ എഫ്.സി.സി.യുടെ നാമകരണ പരിപാടി നവംബർ 4 നു സിസ്റ്റർ രക്തസാക്ഷിത്വം വരിച്ച ഇൻഡോറിൽവച്ച് നടക്കുകയുണ്ടായല്ലോ. അതിനുശേഷം സിസ്റ്ററിന്റെ മാതൃരൂപതയായ എറണാകുളത്തും ജന്മനാടായ പുല്ലുവഴിയിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഈ ചടങ്ങുകളിൽ നിരവധിപേർ പങ്കെടുത്ത് തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയുണ്ടായി.

ഈയടുത്ത് നമ്മിൽനിന്നും വേർപിരിഞ്ഞുപോയ കോട്ടയം അതിരൂപത അദ്ധ്യക്ഷനായ ആർച്ച്ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചാണ് ഈ സെഷൻ ആരംഭിച്ചത്. അഭിവന്ദ്യ പിതാവ് വഴി കോട്ടയം രൂപതയ്ക്കും കേരള

സഭയ്ക്കും ഭാരതസഭയ്ക്കും ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾ സിനഡ് അനുസ്മരിച്ചു. ഈ അടുത്ത കാലത്ത് നിര്യാതനായ എ.കെ.സി.സി. മുൻ പ്രസിഡന്റ് ജോസഫ് മണ്ണിപ്പറമ്പിലന്റെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി. സമുദായ മുന്നേറ്റത്തിനായി നിസ്വാർത്ഥസേവനം ചെയ്ത സഭാസ്നേഹിയായിരുന്നു അദ്ദേഹം എന്നു സിനഡ് അനുസ്മരിച്ചു. മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മനത്തോടത്തിനും മാർ സൈമൺസ്റ്റോക്ക് പാലാത്രക്കും സിനഡ് ജൂബിലി മംഗളങ്ങൾ നേർന്നു. മെത്രാഭിഷേകത്തിനുശേഷം ആദ്യമായി സിനഡിൽ സംബന്ധിക്കുന്ന ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിലിനും സിനഡ് സ്വാഗതം നൽകി. നമ്മുടെ സഭയ്ക്കു പുതിയ മൂന്ന് മെത്രാന്മാരെ ലഭിച്ചതിൽ നമുക്കു ദൈവത്തിനു നന്ദി പറയാം. നിയുക്ത കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിനും തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിനും തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിക്കും ഈ അവസരത്തിൽ സിനഡ് ആശംസകൾ അർപ്പിക്കുകയുണ്ടായി.

ജന്മശതാബ്ദി ആഘോഷിക്കുന്ന മാർത്തോമാ സഭ വലിയ മെത്രാപ്പോലീത്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റോമിനു സിനഡിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ സ്വീകരണം നൽകി. സഭയിലെ വിവിധ സന്യാസസമൂഹങ്ങളുടെ മേജർസൂപ്പീരിയർമാരുമായി സിനഡിലെ മെത്രാന്മാർ സമർപ്പിതജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുവാൻ ഒരു പ്രത്യേക സമ്മേളനവും ഈ സിനഡിൽ നടത്തുകയുണ്ടായി. സഭയിൽ മാമ്മോദീസ പരികർമ്മം ചെയ്യുന്ന രീതിയെപ്പറ്റി സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ഇടവകപള്ളിക്കു പുറമെ സ്വകാര്യ സ്ഥാപനങ്ങളിലും ധ്യാന കേന്ദ്രങ്ങളിലും മാമ്മോദീസ നടത്തുമ്പോൾ നിർദ്ദിഷ്ടമായ നിയമവ്യവസ്ഥകൾ പാലിക്കേണ്ടതാണ്. മാമോദീസാർത്ഥിയുടെ മാതാപിതാക്കളും തലതൊടുന്നവരും വേണ്ടത്ര തയ്യാറെടുപ്പോടുകൂടിവേണം മാമ്മോദീസയ്ക്ക് ഒരുങ്ങേണ്ടത്. മുതിർന്നവരുടെ മാമ്മോദീസയ്ക്കു (Adult Baptism) സിവിൽ നിയമങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധിക്കേണ്ടതാണ്.

വൈദികപരിശീലനത്തിന്റെ സർവോന്മുഖമായ ഗുണമേന്മ വർദ്ധിപ്പിക്കാൻ അല്മായരായ വ്യക്തികളെയും ഉൾക്കൊള്ളിച്ചു കൊണ്ട് സെമിനാരികളിലും പരിശീലനകേന്ദ്രങ്ങളിലും Formation Consultation Council ഉണ്ടായിരിക്കേണ്ടതാണ്. സെമിനാരിക്കാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സിനഡ് സെമിനാരി റിപ്പോർട്ടുകൾക്ക് പൊതുവായ ഒരു Format അംഗീകരിച്ചു. വൈദികർക്കും സന്യസ്തർക്കും അനുയോജ്യമായ വസ്ത്രധാരണ രീതി (ഡ്രസ്സ് കോഡ്) ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് പിതാക്കന്മാർ ചർച്ച ചെയ്തു.

ദൈവാനുഗ്രഹത്താൽ സീറോ മലബാർ സഭ ധാരാളം ദൈവവിളി കളാലും മിഷനറിമാരാലും ധന്യമാണ്. സഭയിൽ വർദ്ധിച്ചുവരുന്ന ഈ പ്രേഷിത ആഭിമുഖ്യം (Mission Consciousness) ശ്രദ്ധേയമാണ്. നമ്മുടെ മിഷനറിമാർ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ഇന്ത്യക്കു പുറത്തു ലത്തീൻ സഭയിലും ശുശ്രൂഷ ചെയ്യുന്നു എന്നത് അഭിമാനകരമാണ്. ഈ രംഗത്തേക്ക് പല അത്മായ സഹോദരങ്ങളും മുമ്പോട്ട് വരുന്നതായി കാണുന്നുണ്ട്. വ്യക്തികളുടേയും പ്രേഷിത സംഘടനകളുടേയും ആഭിമുഖ്യത്തിൽ പ്രേഷിതവേലയ്ക്കു വരുന്ന അത്മായ സഹോദരങ്ങൾക്ക് സിനഡ് എല്ലാവിധ പ്രോത്സാഹനവും അംഗീകാരങ്ങളും നൽകുന്നു. അവർക്ക് അനുയോജ്യമായ പരിശീ ലനവും ഒരുക്കവും നൽകേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഈ കാര്യത്തിനായി സാന്തോം മിഷൻ ഇന്ത്യയുടെ ആഭിമുഖ്യ ത്തിൽ ഒരു കോഴ്സ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. നമ്മുടെ മിഷൻ പ്രദേശങ്ങളെ പരിചയപ്പെടാനും അവിടെ പോയി കുറച്ചു നാളത്തേ യ്ക്കു പ്രേഷിതവേല ചെയ്യാനും താൽപ്പര്യമുള്ള അത്മായസഹോദ രങ്ങൾ അവരുമായി ബന്ധപ്പെടേണ്ടതാണ്. ഈ സംരംഭത്തിന്റെ ആരംഭദിശയിൽ ഗോരഖ്പൂർ, അദിലാബാദ് രൂപതകൾ തിരഞ്ഞെ ടുത്ത് അവിടെ ഈ പുതിയ സുവിശേഷവത്ക്കരണം (New Evangelization) നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. മാതൃസഭയിൽ പ്രേഷിതചൈതന്യം വളർത്തുവാനും താൽപ്പര്യമുള്ളവരെ മാതൃസഭ യിൽനിന്നുതന്നെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതോടൊപ്പം മിഷൻ രൂപതയിൽ തന്നെയുള്ള അനുയോജ്യരായവരെ തിരഞ്ഞെ

ടുത്ത് ഈ പദ്ധതിയിൽ സംബന്ധിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പ്രവാസികളായ ഉദ്യോഗമൊഴിഞ്ഞവരുടെ (Retired hands) സേവനം ഈ കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. സഭയിൽ അത്മായ പ്രേഷിത ചൈതന്യം വളർത്താനായി "സുവിശേഷ സാക്ഷികളുടെ സംരംഭം" എന്ന ഈ പദ്ധതി പരീക്ഷണാർത്ഥം ആരംഭിക്കാൻ സിനഡ് തീരുമാനിച്ചു.

നമ്മുടെ ദേവാലയങ്ങളും കപ്പേളകളും പള്ളിപ്പരിസരങ്ങളും സിനിമ സീരിയൽ ഷൂട്ടിംഗിനു നൽകുന്നതിലുള്ള അനൗചിത്യം സിനഡ് വിശദമായി ചർച്ചചെയ്യുകയുണ്ടായി. ദേവാലയവും കുരിശുപള്ളികളും കൊമേർഷ്യൽ സിനിമ സീരിയൽ ഷൂട്ടിങ്ങിന് കൊടുക്കരുതെന്ന് സിനഡ് നിർദ്ദേശിച്ചു. എന്നാൽ ഈ സ്ഥലങ്ങൾ കാത്തലിക് ചാനലുകൾക്ക് ഡോക്യുമെന്ററി, സീരിയൽ എന്നിവയ്ക്ക് കൊടുക്കാവുന്നതാണ്. സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന നമ്മുടെ നാട്ടിൽ ജോലിയിൽനിന്നും വിരമിച്ചവരും പ്രത്യേകിച്ചു പ്രവാസികളും ധാരാളം ഉണ്ട്. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ നിന്നും വരുന്ന റിട്ടയേർഡ് ഹാർഡിന്റെ സേവനം സഭയ്ക്കും സമൂഹത്തിനും വേണ്ടി ഉപയോഗിക്കുവാൻ സഭ വളരെ ആഗ്രഹിക്കുന്നു. അതിനായി സഭാ തലത്തിൽ ഒരു സംഘടനയെപ്പറ്റി (Common Pravasi Fellowship) സിനഡ് ചർച്ച ചെയ്തെങ്കിലും തൽക്കാലം അതാതു രുപതകളിലും ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇവരെ സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കാം എന്ന് നിർദ്ദേശിച്ചു.

ആരാധനക്രമ പരിഷ്കരണത്തെ സംബന്ധിച്ച് സിനഡ് ചർച്ച ചെയ്യുകയുണ്ടായി. പ്രത്യേകിച്ചു പ്രാർത്ഥനകളും ദേവാലയ ആരാധനക്രമഗീതങ്ങളും ഭക്ത്യാദകമാക്കുന്നതിന്റെ ആവശ്യകത സിനഡ് ഊന്നിപ്പറയുകയും ചെയ്തു. നമ്മുടെ വിശ്വാസത്തിന്റെ പരസ്യാവിഷ്കാരമാണ് ആരാധനക്രമശുശ്രൂഷകൾ. അവ നമ്മുടെ സഭാപാരമ്പര്യങ്ങൾക്കനുസരിച്ചും ആനുകാലികപ്രസക്തമായും ആഘോഷിക്കുവാൻ / ആചരിക്കുവാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്.

സിനഡിന്റെ വിവിധകമ്മീഷനുകളുടെയും പ്രവർത്തനറിപ്പോർട്ടും

ഈ സെഷനിൽ അവതരിപ്പിക്കുകയുണ്ടായി. മതബോധനത്തെ സംബന്ധിച്ച്, ആധുനിക വിദ്യാഭ്യാസരംഗത്തെ Smart Class, Family Catechism, Youth Faith Formation എന്നിവയെപ്പറ്റി, ചർച്ച ചെയ്തു. വിശ്വാസപരിശീലനം കുട്ടികൾക്ക് അറിവിനേക്കാൾ വിശ്വാസാനുഭ വമാകുവാൻ മതാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മക്കളുടെ മതാദ്ധ്യാ പനത്തിൽ മാതാപിതാക്കൾ പ്രത്യേകിച്ചും അതീവ ശ്രദ്ധ പുലർത്തേ ണ്ടതാണ്. ഇടവകയിലെ സൺഡേ ക്ലാസുകൾ സജീവമാക്കുവാൻ ബഹുമാനപ്പെട്ട വികാരിമാരും സിസ്റ്റേഴ്സും പൂർവ്വാധികം ശ്രദ്ധിക്കേ ണ്ടതാണ്. കുടുംബയൂണിറ്റിലെ ഭാരവാഹികൾക്കും മതാദ്ധ്യാപനം കൂടുതൽ ഫലപ്രദമാക്കുവാൻ സാധിക്കും. യുവജനപ്രേഷിതത്വ ത്തിനു വേണ്ടിയുള്ള കമ്മീഷന്റെ റിപ്പോർട്ടിൽ അടുത്തുവരുന്ന സാർ വ്വത്രിക മെത്രാൻസിനഡിന്റെ വിഷയത്തെ ആസ്പദമാക്കി നൂതന കർമ്മപദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശങ്ങളുണ്ടായി. അതാതു രൂപതകളിലും റീജിയനിലെയും യുവജനങ്ങൾക്കു വേണ്ടി യുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ യുവജനങ്ങൾ കൺവെൻഷനുകൾ സംഘടിപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി.

സഭയിലെ സേവന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി spandan എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ള കാര്യം നേരത്തെ എല്ലാവരെയും അറിയിച്ചിരുന്നതാണല്ലോ. രൂപതാതലത്തിലും സന്യാസസമൂഹങ്ങളുടെ നേതൃത്വത്തിലും ധാരാളം സാമൂഹിക സേവനങ്ങൾ നടത്തുന്നു എന്നത് പ്രശംസനീയമാണ്. രൂപതയി ലെയും സന്യാസസമൂഹങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപി പ്പിച്ച് സമൂഹത്തിൽ വലിയൊരു ചലനം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ സമൂഹത്തിൽ റബർ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സിനഡ് ഉത്കണ്ഠയോടെയാണ് കാണുന്നത്. കർഷകർക്ക് ആവശ്യ മായ ബാങ്ക് ലോൺ ലഭ്യമാക്കുക, കാർഷിക വിളകൾക്ക് ന്യായമായ വില നിർദ്ദേശിക്കുക തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു. സാമൂഹിക പ്രവർ ത്തനങ്ങളിൽ അത്മായ പങ്കാളിത്തത്തോടെ

പരിഹാരം തേടണ മെന്നും സിനഡ് അഭിപ്രായപ്പെട്ടു. അത്മായമുന്നേറ്റങ്ങൾ സഭയുടെ ബഹുമുഖ പ്രവർത്തനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന വയാണെന്ന് സിനഡ് വിലയിരുത്തി. തൊഴിലില്ലായ്മ, പാർപ്പിട പ്രശ് നങ്ങൾ, രോഗങ്ങൾ, മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം, ദാമ്പത്യബന്ധ ങ്ങളിലുണ്ടാകുന്ന തകർച്ച തുടങ്ങിയ വിഷയങ്ങളിൽ അത്മായരുടെ അഭിപ്രായങ്ങൾ എന്തെന്നറിയാൻ വൈദികരും സമർപ്പിതരും ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബങ്ങളുടെ നവീകരണ ത്തിന് വലിയ പ്രാധാന്യമാണ് സഭ നൽകുന്നത്. കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയാൻ അത്മായരുമായി അജപാലകർ നിരന്തരം ആശയവിനിമയം നടത്തണം. കുടുംബങ്ങളും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾക്ക് നൂതനമായ പരിഹാര മാർഗ്ഗങ്ങളാണ് ആവശ്യം.

അത്മായർ ഏറ്റെടുത്തു നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങൾ സഭ അഭിമാനത്തോടെയാണ് കാണുന്നത്. അത്മായരുടെ നേതൃത്വ ത്തിലുള്ള വയോജന കേന്ദ്രങ്ങൾ, അനാഥമന്ദിരങ്ങൾ, ഭിന്നശേഷി യുള്ള കുട്ടികൾക്കായി നടത്തുന്ന സ്ഥാപനങ്ങൾ, ആശുപത്രിയിലെ ഭക്ഷണവിതരണം, അനുബന്ധശുശ്രൂഷകൾ എന്നിവ പ്രോത്സാഹി പ്പിക്കപ്പെടണം. ഓരോ ഇടവകകളിലും ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്കായുള്ള ശുശ്രൂഷകളിൽ വൈദികർക്കൊപ്പം അത്മായരും മുന്നിട്ടിറങ്ങണം. സഭയുടെ കുടുംബം, അത്മായർ, ജീവൻ എന്നിവയ്ക്കായുള്ള കമ്മീഷൻ കൂടുതൽ ഉണർവ്വോടെ പ്രവർത്തിക്കേണ്ട കാലമാണിതെന്നും സിനഡ് ഓർമ്മിപ്പിച്ചു. കുടുംബകൂട്ടായ്മ, മാതൃവേദി, പ്രോലൈഫ്, കത്തോലിക്കാ കോൺ ഗ്രസ് എന്നിവയെ ഏകോപിപ്പിക്കുന്ന അത്മായ കമ്മീഷൻ ഏറ്റെടു ക്കുന്ന വിവിധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും സിനഡ് വിലയിരുത്തി. വൈദീകപരിശീലനത്തിനു ആനുകാലികമായ മാറ്റ ങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് സിനഡ് അഭിപ്രായപ്പെ ട്ടു. ഇതിനായി അടുത്തയിടെ വത്തിക്കാൻ പ്രസിദ്ധീകരിച്ച മാർഗ്ഗ രേഖ (Ratio Fundamentalis Sacerdotalis) പ്രാവർത്തികമാക്കേണ്ട താണ്. മാറിക്കൊണ്ടിരിക്കുന്ന മാധ്യമ സാക്ഷരതയുടെയും

സാമൂഹിക മാധ്യമങ്ങളുടെയും പശ്ചാത്തലത്തിൽ സീറോ മലബാർ സഭയ്ക്ക് ഒരു പുതിയ മൊബൈൽ ആപ്പിനു രൂപം കൊടുക്കുവാൻ തീരുമാനിച്ചു. സീറോ മലബാർ സഭയുടെ എക്യുമെനിക്കൽ ഡയറക്ടറി (Called to be United) ഈ സിനഡിൽ പ്രകാശനം ചെയ്തു. സീറോ മലബാർ സഭ യുടെ സഭൈക്യപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാനും ദൈവ ജനത്തിന് സഭൈക്യപ്രവർത്ത നങ്ങളുടെ ശരിയായ ലക്ഷ്യങ്ങൾ മനസ്സിലാക്കുവാനും ഡയറക്ടറിയുടെ ഉപയോഗം സാധ്യമാകട്ടെ എന്നും സിനഡ് ആശംസിച്ചു.

വന്ദ്യസഹോദരരേ, പ്രിയ മക്കളെ നമ്മുടെ സഭ Major Archiepiscopal സഭയായിട്ടു 25-ാമത്തെ വർഷത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ ആഗോള തലത്തിൽ പ്രേഷിത രംഗത്തും, ദൈവ വിളി പ്രോത്സാഹനത്തിലും ഒത്തിരിയേറെ ഇനിയും നാം മുന്നോട്ടു പോകേണ്ടതുണ്ട്. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ശക്തമായ മധ്യസ്ഥത്താൽ കൂടുതൽ ഐക്യവും കൂട്ടായ്മയും പുലർത്തിക്കൊണ്ട് ആധുനീകകാലഘട്ടത്തിൽ നമ്മുടെ വിശ്വാസ ത്തിന്റെ പൊതുസാക്ഷ്യം നൽകുവാൻ നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം. ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

NB: ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത/ അതിരൂപതകളിലെ വൈദികരുടെയും സന്യസ്ത രുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

# അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## February 2018

| Date | Programme |
|---|---|
| 1-3 | Co-operative Bank Employees |
| 2 | DB Visit |
| 3 | ALTIUS - World Malayalee Council Leadership Camp |
| 6 | CHAI-LF Review Meeting |
| 6-8 | Social Welfare Dept. Training Programme |
| 7 | KSSS Animators’ Meeting |
| 10 | KSSS Smart Sangamam |
| 12-14 | KSSS Deafblind Programme - Mentor Visit |
| 13 | KCC Meet |
| 16 | KSSS CBR Ophthalmology Camp |
| 17 | Ayush Meet |
| 17 | KSSS Coordinators' and Volunteers’ Meeting |
| 18 | SSVP (Vincent de Paul) Workshop |
| 19-24 | KSSS Tailoring Training |
| 21 | KSSS CBR CRC |
| 21 | Edackat Region Leaders Meet |
| 23 | KCWA Meeting |
| 24 | Knanaya Co-operative Society Meeting |
| 25 | Ayush Meet |
| 28 | KSSS Coordinators' Meeting |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ഫെബ്രുവരി** | | |
| ഫെബ്രുവരി 13 | കെ.സി.സി മീറ്റ് | ചൈതന്യ |
| ഫെബ്രുവരി 18 | വിൻസെന്റ് ഡി പോൾ വർക്ക്ഷോപ്പ് | ചൈതന്യ |
| ഫെബ്രുവരി 23 | കെ.സി.ഡബ്ല്യു.എ മീറ്റിംഗ് | ചൈതന്യ |
| **മാർച്ച്** | | |
| മാർച്ച് 9 | ലീജിയൻ ഓഫ് മേരി- മാർച്ച് സമ്മേളനം | ചൈതന്യ |
| മാർച്ച് 10 | വിൻസെന്റ് ഡി പോൾ ധ്യാനം | ചൈതന്യ |
| മാർച്ച് 13 | വൈദികരുടെ മാസധ്യാനം | ചൈതന്യ |
| മാർച്ച് 16 - 17 | കെ.സി.ഡബ്ല്യു.എ ലീഡർഷിപ്പ് ക്യാമ്പ് | ചൈതന്യ |
| മാർച്ച് 18 | ഫ്രാൻസിസ്കൻ 3rd ഓർഡർ മീറ്റിംഗ് | ചൈതന്യ |
| മാർച്ച് 26 - 28 | വിവാഹ ഒരുക്ക സെമിനാർ | തൂവാനീസ |

# വിശ്വാസ പരിശീലന കമ്മീഷൻ

## വാർഷിക പരീക്ഷ

2017-2018 അദ്ധ്യയനവർഷത്തിലെ X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ 2018 ജനുവരി 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടത്തപ്പെടുന്നു. ചോദ്യപേപ്പറുകൾ ജനുവരി 21-ാം തീയതി മുതൽ അതത് ഫൊറോന സെന്ററുകളിൽ എത്തിക്കുന്നതാണ്. ഉത്തരകടലാസുകൾ തിരിച്ചെത്തിക്കുമ്പോൾ അതോടൊപ്പം Internal Assessment Mark, സർട്ടിഫിക്കറ്റ് ബുക്ക്, XII -ാം ക്ലാസ്സിലെ മികച്ച 3 പ്രബന്ധങ്ങൾ എന്നിവയും എത്തിക്കേണ്ടതാണ്. പ്രബന്ധത്തിൽ രജി. നമ്പർ ഇടുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. Internal Assessment Mark നൽകുമ്പോൾ രണ്ട് സെമസ്റ്ററിലെയും ശരാശരി കണ്ട് X -ാം ക്ലാസിൽ 20 ലും XII -ാം ക്ലാസ്സിൽ 10 ലും മാർക്കിട്ട് നൽകേണ്ടതാണ്. X, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയ്ക്ക് മുഴുവൻ പാഠഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. പരീക്ഷ ക്രമീകരണത്തിനുവേണ്ടി ഇവിടെ നിന്നും നിർദ്ദേശിക്കുന്ന ഇടവകയിലേക്ക് ഒരദ്ധ്യാപകനെ സ്ക്രൂട്ടണി ഓഫീസറായി അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ക്രൂട്ടണി ഓഫീസർക്കുള്ള അപ്പോയിന്റ്മെന്റ് ഫോം ചോദ്യ പേപ്പറിനോടൊപ്പം കൊടുത്തു വിടുന്നതാണ്. ബഹു. വികാരി അച്ചന്റേയും പ്രധാന അധ്യാപകന്റേയും സ്ക്രൂട്ടണി ഓഫീസറിന്റെയും സാന്നിദ്ധ്യത്തിൽ മാത്രമെ ചോദ്യക്കടലാസിന്റെ കവർ പൊട്ടിക്കാവൂ. സ്ക്രൂട്ടണി ഓഫീസർക്കുള്ള യാത്രാ ചെലവ് അവർ എത്തുന്ന ഇടവകകളിൽ നിന്നും കൊടുക്കേണ്ടതും സ്ക്രൂട്ടണി ഓഫീസർ ഉത്തരകടലാസുകൾ അന്നു തന്നെ ഫൊറോനാകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്. ഫൊറോന കേന്ദ്രത്തിൽ നിന്നും ഉത്തര കടലാസുകൾ വിശ്വാസപരിശീലന ഓഫീസിൽ എത്തിക്കേണ്ടതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്. (ഇടയ്ക്കാട്ട് ഫൊറോനായിലേത് ചൈതന്യ ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്.) ഇവിടെ നിന്നും കൊടുത്തുവിടുന്ന Verification Sheet അതാതു ഇടവകകളിലേക്ക് ഉള്ളതാണ്. സ്ക്രൂട്ടണി ഓഫീസർ പോകുന്ന ഇടവകയിലേക്ക് ഉള്ളതല്ല.

## സെക്രട്ടറിമാരുടെയും പ്രധാന അദ്ധ്യാപകരുടെയും സംയുക്ത മീറ്റിംഗ്

2018 ജനുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ

ഉച്ചയ്ക്ക് 1 മണി വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് സൺഡേ സ്കൂൾ പ്രധാന അദ്ധ്യാപകരുടെയും ഓഫീസ് സെക്രട്ടറിമാരുടെയും സംയുക്ത മീറ്റിംഗ് നടത്തപ്പെടുന്നതാണ്. എല്ലാ പ്രധാന അദ്ധ്യാപകനും സെക്രട്ടറിമാരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## IV, VII ക്ലാസ്സുകളിലെ മത്സരപരീക്ഷ

മാർച്ച് 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ഫൊറോനാ സെന്ററുകളിൽ വച്ച് 4, 7 ക്ലാസ്സുകളിലെ മത്സരപരീക്ഷ നടത്തപ്പെടുന്നതാണ്. ഒരു ക്ലാസ്സിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾ മാത്രമേ പങ്കെടുക്കാവൂ (ഒന്നാം സ്ഥാനത്തോ, രണ്ടാം സ്ഥാനത്തോ ഒന്നിൽ കൂടുതൽ കുട്ടികൾ പങ്കെടുക്കാൻ പാടില്ല. പങ്കെടുക്കുന്ന കുട്ടികൾക്ക് 75% കൂടുതൽ മാർക്ക് ഉണ്ടായിരിക്കണം). മത്സരപരീക്ഷയ്ക്ക് പങ്കെടുക്കുവാനുള്ള കുട്ടികളുടെ അർഹത നിശ്ചയിക്കുന്നത് ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ശരാശരി മാർക്കും ഇന്റേണൽ അസസ്സ്മെന്റ് മാർക്കും കണക്കാക്കിയായിരിക്കണം. മുഴുവൻ പാഠഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. മത്സര പരീക്ഷയ്ക്കുള്ള കുട്ടികളുടെ പേര് ഫെബ്രുവരി 12 നു മുമ്പായി ഇവിടെ അറിയിക്കണം. അതിരൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ മത്സരപരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. പരീക്ഷയുടെ മാർക്ക് വിഭജനം: പാഠപുസ്തകം 70%, ബൈബിൾ 10% സഭ 10% സമുദായം 10%.

## പേപ്പർ വാല്യൂവേഷൻ

X, XII ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകരും 2018 ഫെബ്രുവരി 17, 18, 24, 25 തീയതികളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ ചൈതന്യയിൽ വച്ച് നടക്കുന്ന പേപ്പർ വാല്യൂവേഷൻ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

## പ്രതിഭാസംഗമം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതാംഗങ്ങളായ പ്ലസ് ടു വിദ്യാർത്ഥികൾക്കായി അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് പ്രതിഭാ സംഗമം സംഘടിപ്പിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറാൾ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. പ്രതിഭാ സംഗമത്തിൽ അതിരൂപതയിലെ മികച്ച

പ്രതിഭകളായി ഉഴവൂർ ഇടവകാംഗമായ സീയോൺ ജോർജ്ജ് മുടക്കോടിൽ, കരിങ്കുന്നം ഇടവകാംഗമായ ജെഫിൻ ജെറി തട്ടാമറ്റത്തിൽ, മാറിക ഇടവകാംഗമായ അനു മാത്യു കുന്നുംപുറത്ത്, മാറിക ഇടവകാംഗമായ അനില കുര്യൻ പുത്തൻപറമ്പിൽ എന്നിവർ യഥാക്രമം തെരഞ്ഞെടുക്കപ്പെട്ടു. വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ, സി. ഇസബെല്ല എസ്.ജെ.സി, തോമസ് മാത്യു കോയിത്തറ, സി.അലക്സി എസ്.വി.എം, സ്റ്റെഫി ഫെലിക്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 45 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ചെയർമാൻ

## മലബാർ റീജിയൺ

### ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക് പകരുന്നതാണ് വിശ്വാസപരിശീലനം: മാർ മാത്യു മൂലക്കാട്ട്

വിശ്വാസ പരിശീലകർ തങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് കുഞ്ഞുങ്ങളുടെ ഹൃദയത്തിലേക്ക് പകർന്ന് നൽകുന്ന ചൈതന്യമാണ് വിശ്വാസപരിശീലനമെന്ന് കോട്ടയം അതിരൂപത മെത്രപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്.

ചങ്ങലേരി തിരുഹൃദയ ഫൊറോന ദേവാലയത്തിൽ വെച്ച് മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടന്ന വിശ്വാസ പരിശീലക സംഗമത്തിൽ വി.കുർബാനയർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശ്വാസ ദീപം മലബാറിൽ ജ്വലിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന എല്ലാ വിശ്വാസ പരിശിലകരെയും ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. മലബാറിലെ ക്നാനായ ഇടവകകളിലെ വിശ്വാസ പരിശിലനം വഴി ഇന്നത്തെ തലമുറയ്ക്ക് ശക്തമായ ഒരടിത്തറ പാകാൻ വിശ്വാസ പരിശീലകർക്ക് കഴിഞ്ഞു എന്നും, വിശ്വാസത്തിന്റെ ഉറങ്ങാത്ത കാവൽക്കാരായി വിശ്വാസ പരിശീലകർ മാറണമെന്നും സംഗമം ഉദ്ഘാടനം ചെയ്തു കൊണ്ട് കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പറഞ്ഞു.

ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. അബ്രാഹം പറമ്പേട്ട് അദ്ധ്യക്ഷത വഹിച്ചു. പാലക്കാട് രൂപത വികാരി ജനറൽ ഫാ. പീറ്റർ കൊച്ചുപുര മുഖ്യ പ്രഭാഷണം നടത്തി. ചങ്ങലേരി ഫൊറോന പള്ളി വികാരി ഫാ. ജോസ് കന്നുവെട്ടിയേൽ, മതാദ്ധ്യാപക പ്രതിനിധി സിറിയക്ക് കരിശ്ശേരിക്കൽ, മലബാർ റീജിയൺ വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. 25 വർഷം കഴിഞ്ഞ വിശ്വാസ പരിശീലകരെയും ദമ്പതികളെയും പ്രത്യേകം ആദരിച്ചു.വിവിധ ഇടവകകളിലെ വിശ്വാസ പരിശീലകരുടെ കലാപരിപാടികളും നടത്തപ്പെട്ടു. സീറോ മലബാർ മതബോധന കമ്മീഷൻ സെക്രട്ടറി ഫാ. ജിമ്മി പൂച്ചക്കാട്ട് 'വിശ്വാസ പരിശീലനം ഇന്ന് നാളെ' എന്ന വിഷയത്തെ കുറിച്ച് സെമിനാർ നടത്തി. കോട്ടയം അതിരൂപതയുടെ മലബാർ റീജിയണിൽപെട്ട വിവിധ ഇടവകകളിൽ നിന്നും ആയിരത്തിലധികം വിശ്വാസപരിശീലകർ സംഗമത്തിൽ പങ്കെടുത്തു.

**ഫാ. ബിൻസ് ചേത്തലിൽ**
മലബാർ റീജിയൺ ഡയറക്ടർ

# കരിസ്മാറ്റിക് കമ്മീഷൻ

## ജാഗരണ പ്രാർത്ഥന

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 7 മണിമുതൽ രാവിലെ 1 മണി വരെ തൂവാനീസായിൽ ജാഗരണ പ്രാർത്ഥന നടത്തപ്പെടുന്നു.

## മധ്യസ്ഥ പ്രാർത്ഥന

എല്ലാ ബുധനാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ തൂവാനീസായിൽ മധ്യസ്ഥ പ്രാർത്ഥന നടത്തി വരുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

## വിവാഹ ഒരുക്ക സെമിനാർ തൂവാനിസയിൽ

2018 ജനുവരി മാസത്തെ വിവാഹ ഒരുക്ക സെമിനാർ 1 മുതൽ 3 വരെ തീയതികളിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ചും

18 മുതൽ 20 വരെ തീയതികളിൽ തൂവാനിസ പ്രാർത്ഥനാലയത്തിലും നടത്തപ്പെട്ടു.

മാർച്ച് മാസത്തെ വിവാഹ ഒരുക്ക സെമിനാർ 26 മുതൽ 28 വരെ തീയതികളിൽ കോതനെല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നതാണ്.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## കെ.സി.എസ്.എൽ

### അതിരൂപത വാർഷികം

അതിരൂപത കെ.സി.എസ്.എൽ വാർഷികാഘോഷങ്ങൾ ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**

ഡയറക്ടർ

## ലീജിയൻ ഓഫ് മേരി

### കമ്മീസിയം മീറ്റിംഗ് നടത്തപ്പെട്ടു

കോട്ടയം അതിരൂപതയിലെ ലീജിയൻ ഓഫ് മേരി സംഘടനയുടെ ആഭിമുഖ്യത്തിൽ എല്ലാ മാസവും നടത്തിവരാറുള്ള കമ്മീസിയം മീറ്റിംഗ് ജനുവരി 9-ാം തീയതി ചൊവ്വാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു.

### മാർച്ച് സമ്മേളനം

കോട്ടയം അതിരൂപതയിലെ ലീജിയൻ ഓഫ് മേരി സംഘടനയുടെ റീ യൂണിയൻ സമ്മേളനം (മാർച്ച് സമ്മേളനം) മാർച്ച് 9-ാം തീയതി വെള്ളിയാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പി

ക്കുന്നു. സമ്മേളനത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിക്കും.

**ഫാ. ജോസ് കുറുപ്പന്തറയിൽ**
ചാപ്ലെയിൻ

# തിരുബാല സഖ്യം

## കോട്ടയം അതിരൂപത തിരുബാലസഖ്യം കലാമത്സരങ്ങൾ സംഘടിപ്പിച്ചു

കോട്ടയം അതിരൂപത തിരുബാലസഖ്യം സംഘടനയുടെ അതിരൂപതാ കലാമത്സരങ്ങൾ ജനുവരി 20-ാം തീയതി ശനിയാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. അതിരൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നും ഒന്നാം സ്ഥാനം ലഭിച്ച കുട്ടികളാണ് മത്സരങ്ങളിൽ പങ്കെടുത്തത്. കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് ഇടയ്ക്കാട്ട് ഫൊറോനയും, യൂണിറ്റ് തലത്തിൽ മള്ളൂശ്ശേരി സെന്റ് തോമസ് ഇടവകയും കരസ്ഥമാക്കി. സമാപനസമ്മേളനത്തിൽ അതിരൂപത ഡയറക്ടർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ സമ്മാനദാനം നിർവ്വഹിച്ചു.

## ഇടക്കോലി സെന്റ് ആൻസ് ചർച്ച് അതിരൂപതയിലെ ഏറ്റവും മികച്ച തിരുബാലസഖ്യം യൂണിറ്റ്

കോട്ടയം അതിരൂപതയിലെ ഇടവകതലത്തിൽ നടത്തപ്പെട്ട തിരുബാലസഖ്യം സംഘടന പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇടക്കോലി സെന്റ് ആൻസ് ഇടവക കോട്ടയം അതിരൂപതയിലെ ഏറ്റവും മികച്ച തിരുബാലസഖ്യം യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ടു.

## തിരുബാലസഖ്യം അതിരൂപത വാർഷികം

തിരുബാലസഖ്യം അതിരൂപതാ വാർഷികാഘോഷങ്ങൾ ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച രാവിലെ 8.30 ന് വി.കുർബാനയോടു കൂടി ഇടക്കോലി സെന്റ് ആൻസ് ദൈവാലയത്തിൽ നടത്തപ്പെടും.

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ഡയറക്ടർ

# കെ. സി. വൈ.എൽ.

## കെ.സി.വൈ.എൽ അതിരൂപത ഭാരവാഹികൾ

കെ.സി.വൈ.എൽ 2018-19 വർഷത്തെ പുതിയ അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി പുന്നത്തുറ ഇടവകയിലെ ബിബീഷ് ഓലിക്കാമുറിയിലും സെക്രട്ടറിയായി കുമരകത്തു നിന്നും റ്റിജിൻ സി. എബ്രഹാം ചേന്നാത്തും തിരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡന്റുമാരായി പടമുഖത്തുനിന്നുള്ള സ്റ്റെഫി കെ. റെജി കല്ലംങ്ങാട്ടും മലബാർ റീജിയൺ പ്രസിഡന്റ് പെരിക്കല്ലൂർ ക്രൈസ്റ്റ് നഗറിൽ നിന്നുള്ള ജോബീസ് ജോസ് ഇരിക്കാലിക്കലും ജോയിന്റ് സെക്രട്ടറിമാരായി പിറവത്തു നിന്നും ജിസ്മി ഷാജു മണക്കാട്ടും മലബാർ റീജിയൺ തിരൂർ ഇടവകയിൽ നിന്നും ആൽബർട്ട് തോമസ് കൊച്ചുപറമ്പിലും തിരഞ്ഞെടുക്കപ്പെട്ടു. ട്രഷററായി അരീക്കരയിൽ നിന്നും ജോണീസ് പി. സ്റ്റീഫൻ പാണ്ടിയാംകുന്നേലും തിരഞ്ഞെടുക്കപ്പെട്ടു.

## സെനറ്റ്

കെ.സി.വൈ.എൽ 2018-2019 പ്രവർത്തന വർഷത്തിലെ ആദ്യ സെനറ്റ് ജനുവരി 21-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിൽ സംഘടിപ്പിച്ചു. യോഗത്തിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു.

## യൂണിറ്റ് രജിസ്ട്രേഷൻ

2018 - 19 പ്രവർത്തന വർഷത്തിലേയ്ക്കുള്ള യൂണിറ്റ് രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ എത്രയും വേഗം യൂണിറ്റ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

## അത്മായസംഘടന നേതൃസംഗമവും ഏകദിന പഠനശിബിരവും

അതിരൂപത അത്മായ സംഘടനകളായ കെ.സി.വൈ.എൽ, കെ.സി.സി, കെ.സി.ഡബ്ല്യു.എ എന്നിവയുടെ നേതൃസംഗമം 2018 ഫെബ്രുവരി 13 -ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണി വരെ ചൈതന്യയിൽ വച്ച് സംഘടിപ്പിക്കുകയാണ്. നമ്മുടെ എല്ലാ ഫൊറോന ഭാരവാഹികളുടെയും ഓരോ യൂണിറ്റിലേയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടേയും സജീവ പങ്കാളിത്തം അന്നേദിവസം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### അന്താരാഷ്ട്ര വനിതാദിനാചരണം മാർച്ച് 8ന് ചൈതന്യയിൽ

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 2018 മാർച്ച് 8-ാം തീയതി വ്യാഴാഴ്ച തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വിപുലമായ പരിപാടികളോടെ വനിതാദിനാഘോഷം സംഘടിപ്പിക്കുന്നു. ദിനാഘോഷത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ, സ്ത്രീശാക്തീകരണ സെമിനാർ, മത-സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

### സ്മാർട്ട് സ്നേഹോത്സവം 2018

5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഗ്രൂപ്പിലെ അംഗങ്ങളുടെ വാർഷിക സംഗമം 'സ്നേഹോത്സവം 2018' എന്ന പേരിൽ വൈവിധ്യങ്ങളാർന്ന പരിപാടികളോടെ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ചൈതന്യയിലാണ് സ്നേഹോത്സവം സംഘടിപ്പിക്കുന്നത്. വ്യത്യസ്തവും ആസ്വാദ്യകരവുമായ ക്ലാസുകളും വിശിഷ്ട വ്യക്തികളുമായുള്ള സംവാദവും വിവിധ മത്സരങ്ങളും സ്മാർട്ട് കൂട്ടുകാർക്കായി ഒരുക്കിയിട്ടുണ്ട്.

### വോളണ്ടിയേഴ്സ് സംഗമം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 20-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയ സംഘ മഹോത്സവത്തിന്റെയും വിജയകരമായ നടത്തിപ്പിന് സഹകാരികളായ വോളണ്ടിയേഴ്സിന്റെ സംഗമം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ചൈതന്യയിലാണ് സംഗമം ക്രമീകരിച്ചിരിക്കുന്നത്. 20-ാമത് മേളയിൽ വോളണ്ടിയേഴ്സായി സേവനം ചെയ്ത എല്ലാവരും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

സംഗമത്തോടനുബന്ധിച്ച് കാർഷികമേള വിലയിരുത്തലും തുടർ കർമ്മ പദ്ധതികളുടെ കർമ്മരേഖാ രൂപീകരണവും നടത്തപ്പെടും.

## ഗ്രാമീണ തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ഫെബ്രുവരി മാസത്തിൽ തുടക്കമാകും. ഫെബ്രുവരി 19 മുതൽ 24 വരെ തിയതികളിൽ ചൈതന്യയിലാണ് രണ്ടാം ബാച്ചിന്റെ പരിശീലനം നടത്തപ്പെടുക. കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 15 പേർക്കാണ് രണ്ടാം ബാച്ചിൽ അവസരം ഒരുക്കുക. ആറ് ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സബ്സിഡിയോടുകൂടി തയ്യൽ മെഷീനും ലഭ്യമാക്കും.

## സംഘശാക്തീകരണവും ഗ്രൂപ്പ് ഭാരവാഹി സംഗമവും ഫെബ്രുവരി മാർച്ച് മാസങ്ങളിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 5 ജില്ലകളിലായി രൂപം നൽകിയിരിക്കുന്ന വിവിധ വിഭാഗങ്ങൾക്കായുള്ള സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി മേഖലാ അടിസ്ഥാനത്തിൽ ഭാരവാഹി സംഗമങ്ങൾ ഫെബ്രുവരി മാർച്ച് മാസങ്ങളിലായി സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മ നിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ അതാത് മേഖലകളിലെ ഗ്രാമങ്ങളിലെ ഒരോ ഗ്രൂപ്പുകളിൽ നിന്നും രണ്ട് പ്രതിനിധികൾ (പ്രസിഡന്റ്/ സെക്രട്ടറി) വീതം പങ്കെടുക്കേണ്ടതാണ്.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം 39, 40 ബാച്ചുകളുടെ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ 39, 40 ബാച്ചുകളുടെ പരിശീലനം ഫെബ്രുവരി മാസത്തിൽ സംഘടിപ്പിക്കുന്നു. പരിശീലനത്തോടനുബന്ധിച്ച് തെങ്ങുകയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത് തേങ്ങ സംഭരണം, പരിസ്ഥിതി സൗഹാർദ്ദ ജീവിതശൈലി, പ്രാഥമിക ശുശ്രൂഷ, ആശയ

വിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ പരിശീലനം നൽകുന്നതാണ്. കൂടാതെ ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും തെങ്ങുകയറ്റ യന്ത്രവും സൗജന്യമായി ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 9526282203 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഭക്ഷ്യസുരക്ഷയ്ക്കായി മുട്ടക്കോഴിയും ഹൈടെക് കൂടുമായി കെ. എസ്. എസ്. എസ്

ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി മുട്ടക്കോഴിയും ഹൈടെക് കൂടും ലഭ്യമാക്കുന്നു. പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 24 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും 500 രൂപയുടെ മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കുന്നത്. പതിനയ്യായിരം രൂപ മുതൽ മുടക്ക് വരുന്ന പദ്ധതിയിൽ അംഗങ്ങളാകുന്ന കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് 1000 രൂപ സബ്സിഡി നൽകുന്നതാണ്.

## നേത്ര പരിശോധന ക്യാമ്പ്

അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും അസിം പ്രേംജി ഫിലാൻത്രോപിക് ഇനിഷിയേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മുതൽ ചൈതന്യയിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

## ഊർജ്ജ സംരക്ഷണ സെമിനാർ സംഘടിപ്പിക്കുന്നു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും എനർജി മാനേജ്മെന്റ് സെന്റർ കേരളായുടെയും സംയുക്താഭിമുഖ്യത്തിൽ ഊർജ്ജ സംരക്ഷണ സെമിനാർ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 15-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിലാണ് സെമിനാർ നടത്തപ്പെടുക. ഊർജ്ജ സംര

ക്ഷണം പ്രായോഗിക തലത്തിൽ എന്ന വിഷയത്തിൽ വിദഗ്ദ്ധർ ക്ലാസ് നയിക്കും.

## 'അമ്മ അറിയാൻ' – ബോധവൽക്കരണ പരിപാടിയുമായി കെ. എസ്. എസ്. എസ്

ആധുനിക കാലഘട്ടത്തിൽ കുട്ടികളും മാതാക്കളും അറിഞ്ഞും കരുതിയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പയിനുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. അമ്മ അറിയാൻ എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികളെയും അവരുടെ മാതാക്കളെയും കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളായ മാതാക്കളെയും സംഘടിപ്പിച്ചു കൊണ്ടാണ് ക്യാമ്പയിൻ നടത്തപ്പെടുക. കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ ബോധവൽക്കരണ ക്യാമ്പയിൻ നടത്തപ്പെടും ക്യാമ്പയിനോടനുബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും.

## കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നതിന് കെ. എസ്. എസ്. എസ് വാട്ടർ ടാങ്ക് പദ്ധതി

ജലദൗർലഭ്യത രൂക്ഷമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജല സംഭരണത്തിന് അവസരമൊരുക്കുന്നതിനായി സ്വാശ്രയസംഘാംഗ ങ്ങൾക്കായി കെ.എസ്.എസ്.എസ് വാട്ടർടാങ്ക് പദ്ധതി നടപ്പിലാക്കുന്നു. സിന്റക്സ് കമ്പനിയുടെ 1000, 500 ലിറ്ററുകളുടെ റിനോ ടഫ് മോഡൽ വാട്ടർ ടാങ്കുകളും 1500, 2000 ലിറ്ററിന്റെ റിനോ മോഡൽ ടാങ്കുകളുമാണ് പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വാട്ടർ ടാങ്കുകൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർ കെ.എസ്.എസ്.എസ് അനി മേറ്ററെ സമീപിക്കേണ്ടതാണ്.

## കെ. എസ്. എസ്. എസ് പോയവാരങ്ങളിൽ

## തെങ്ങ് കയറ്റ പരിശീലനവും മിഷ്യൻ വിതരണവും സംഘടിപ്പിച്ചു

നാളികേര സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകു ന്നതോടൊപ്പം നാളികേര കർഷകരുടെ കൂട്ടായ്മയ്ക്ക് അവസരം ഒരു ക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡുമായി സഹകരിച്ച് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ

പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലി നിർവ്വഹിച്ചു. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, എം.എം ജേക്കബ് എന്നിവർ പ്രസംഗിച്ചു. പദ്ധതിയുടെ ഭാഗമായി 6 ദിവസത്തെ ശാസ്ത്രീയ തെങ്ങുകയറ്റ പരിശീലനമാണ് സംഘടിപ്പിച്ചത്. കൂടാതെ കോക്കനട്ട് ഒളിമ്പിക്സ് മത്സരവും സംഘടിപ്പിച്ചു. പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റും സൗജന്യമായി തെങ്ങുകയറ്റ മിഷ്യനും ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കുന്നുണ്ട്.

## അന്ധ ബധിര പുനരധിവാസം – സർവ്വശിക്ഷാ അഭിയാൻ അദ്ധ്യാപകർക്കായി ശില്പശാല സംഘടിപ്പിച്ചു

അന്ധ ബധിര വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സർവ്വശിക്ഷാ അഭിയാൻ അദ്ധ്യാപകർക്കായി സംസ്ഥാനതല ശില്പ ശാല സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘ ടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സർവ്വശിക്ഷാ അഭിയാൻ ഡിസ്ട്രിക്റ്റ് പ്രോജക്ട് ഓഫീസർ മാണി ജോസഫ്, റിസോഴ്സ് പേഴ്സൺ ഷൈല തോമസ്, സ്പെഷ്യൽ എഡ്യു കേറ്റേഴ്സായ സിസ്റ്റർ സിമി ഡി.സി.പി.ബി, സിസ്റ്റർ നിഖില എസ്.ജെ.സി, ജെസ്സി ജോസഫ് എന്നിവർ പ്രസംഗിച്ചു. ശില്പശാലയോടനുബന്ധിച്ച് അന്ധ ബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം, അന്ധ ബധിര വൈക ല്യമുള്ളവരുടെ മുഖ്യധാരാവത്ക്കരണം, ഐഡന്റിഫിക്കേഷൻ ഇതര ശാസ്ത്രീയ പരിശോധനകളും പരിശീലന മാർഗ്ഗങ്ങളും തുടങ്ങിയ വിഷയ ങ്ങളിൽ ക്ലാസ്സുകൾ നടത്തപ്പെട്ടു. സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും അസിം പ്രേംജി ഫിലാൻത്രോപിക് ഇനിഷിയേറ്റീവ് സിന്റെയും സഹകരണത്തോടെയാണ് അന്ധബധിര പുനരധിവാസ പദ്ധതി കെ.എസ്.എസ്.എസ് നടപ്പിലാക്കുന്നത്. അന്ധ ബധിര വൈകല്യ മുള്ളവരുടെ സംസ്ഥാനതല പരിശീലന കേന്ദ്രമായ ചേർപ്പുങ്കൽ സമരിറ്റൻ

റിസോഴ്സ് സെന്റർ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. സർവ്വശിക്ഷാ അഭിയാന്റെ കീഴിലുള്ള 40 ഓളം റിസോഴ്സ് ടീച്ചേഴ്സ് ശില്പശാലയിൽ പങ്കെടുത്തു.

## ഗ്രാമീണ തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതി ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിയുടെ ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയായി ജനുവരി 22 മുതൽ 27 വരെ തീയതികളിൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിച്ചത്. കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 15 പേരാണ് ആദ്യ ബാച്ചിൽ പരിശീലനം പൂർത്തിയാക്കിയത്. ആറ് ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സബ്സിഡിയോടുകൂടി തയ്യൽ മെഷീൻ ലഭ്യമാക്കി.

## വായനാദിനാചരണം സംഘടിപ്പിച്ചു

ദേശീയ വായനാ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വായനാദിനാചരണം സംഘടിപ്പിച്ചു. കുമരകം നെപുംസ്യാനോസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി സലിംമോൻ നിർവ്വഹിച്ചു. കുമരകം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജെയിംസ് പൊങ്ങാനയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, ജോമോൾ ജോയി, തോമസ് ഔസേപ്പ് എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് 'വായനയുടെ പ്രസക്തി ഇന്നത്തെ ലോകത്ത്' എന്ന വിഷയത്തെ ആസ്പദമാക്കി ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് റിട്ടയേഡ് പ്രൊഫസർ ഫിലിപ്പ് ചാക്കോ സെമിനാർ നയിച്ചു. പരിപാടിയുടെ ഭാഗമായി നടത്തപ്പെട്ട വായനാമത്സരത്തിൽ കിഴക്കേ നട്ടാശ്ശേരി ഗ്രാമത്തിലെ സോണിയാ ബാലചന്ദ്രൻ ഒന്നാം സ്ഥാനവും ചാരമംഗലം ഗ്രാമത്തിലെ ജോസ്ന റിജോ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കെ.എസ്.എസ്.എസ് ഇടയ്ക്കാട്ട് മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിനാചരണത്തിൽ 232 പേർ പങ്കെടുത്തു.

## അന്ധബധിര പുനരധിവാസ പദ്ധതി- അംഗൻവാടി ടീച്ചേഴ്സ്, ആശാവർക്കേഴ്സ് എന്നിവർക്കായി ശില്പശാല സംഘടിപ്പിച്ചു

അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അംഗൻവാടി ടീച്ചേഴ്സ്, ആശാവർക്കേഴ്സ് എന്നിവർക്കായി സംസ്ഥാനതല ശില്പശാല സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, റിസോഴ്സ് പേഴ്സൺ ഷൈല തോമസ്, സ്പെഷ്യൽ എഡ്യുകേറ്റേഴ്സായ സിസ്റ്റർ സിമി ഡി.സി.പി.ബി, സിസ്റ്റർ നിഖില എസ്.ജെ.സി, ആൻസി മാത്യു എന്നിവർ പ്രസംഗിച്ചു. ശില്പശാലയോടനുബന്ധിച്ച് അന്ധ ബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം, അന്ധ ബധിര വൈകല്യമുള്ളവരുടെ മുഖ്യധാരാവത്ക്കരണം, ഐഡന്റിഫിക്കേഷൻ ഇതര ശാസ്ത്രീയ പരിശോധനകളും പരിശീലന മാർഗ്ഗങ്ങളും തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തപ്പെട്ടു. 40 ഓളം പേർ ശില്പശാലയിൽ പങ്കെടുത്തു.

## യുവജന ദിനാഘോഷം സംഘടിപ്പിച്ചു

ദേശീയ യുവജനദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ യുവജന ദിനാഘോഷം സംഘടിപ്പിച്ചു. എസ്.എച്ച് മൗണ്ട് സേക്രട്ട് ഹാർട്ട് ചർച്ച് ഹാളിൽ സംഘടിപ്പിച്ച ദിനാഘോഷത്തിന്റെ ഉദ്ഘാടനം കോട്ടയം മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ഡോ. സോനാ പി.ആറും കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യനും സംയുക്തമായി നിർവ്വഹിച്ചു. എസ്.എച്ച് മൗണ്ട് ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. തോമസ് കീന്തനാനിക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കോഡിനേറ്റർ ജോസി ജോൺ, വിമല രാജു, അനീഷ് കെ.എസ് എന്നിവർ പ്രസംഗിച്ചു. ദിനാഘോഷത്തോടനുബന്ധിച്ച് മൂല്യാധിഷ്ഠിത ദർശനങ്ങളും ജീവിത വിജയവും എന്ന വിഷയത്തെ ആസ്പദമാക്കി സോഷ്യൽ വർക്കർ ജെസ്റ്റിൻ ലൂക്കോസ് സെമിനാർ നയിച്ചു. യുവജനങ്ങളുടെ സമഗ്ര

ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് രൂപം നൽകിയിരിക്കുന്ന യൂത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിനാഘോഷത്തിൽ അമ്പതോളം യുവജനങ്ങൾ പങ്കെടുത്തു. കെ.എസ്.എസ്.എസ് ഇടയ്ക്കാട് മേഖലയുടെ നേതൃത്വത്തിലാണ് ദിനാഘോഷം സംഘടിപ്പിച്ചത്.

## യൂത്ത് ക്ലബ്ബ് സംഗമവും അഗതി മന്ദിര സന്ദർശനവും സംഘടിപ്പിച്ചു

യുവജനങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപം നൽകിയിരിക്കുന്ന യൂത്ത് ക്ലബ്ബിന്റെ ഉഴവൂർ മേഖല സംഗമവും അഗതി മന്ദിര സന്ദർശനവും സംഘടിപ്പിച്ചു. ഉഴവൂർ ആവേ മരിയ സദനിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷേർളി രാജു നിർവ്വഹിച്ചു. യൂത്ത് ക്ലബ്ബ് ഉഴവൂർ മേഖല പ്രസിഡന്റ് ജോബിനാ ജോസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ജിജി ജോയി, ആവേ മരിയ സദൻ മാനേജിംഗ് ട്രസ്റ്റി സലോമി ബിജു, അനിമേറ്റർ സൗമ്യ ജോയി എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് ആവേ മരിയ സദൻ അന്തേവാസികൾക്കായി യൂത്ത് ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടികളും  സ്നേഹ വിരുന്നും ക്രമീകരിച്ചിരുന്നു. യൂത്ത് ക്ലബ്ബ് അംഗങ്ങളും ഉഴവൂർ മേഖലാ സ്വാശ്രയ സംഘാംഗങ്ങളും ഉൾപ്പെടെ നൂറോളം പേർ പങ്കെടുത്തു.

## ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉഴവൂർ മേഖലയുടെ നേതൃത്വത്തിൽ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ഉഴവൂർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന കേര പുരുഷ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാരിത്താസ് ആശുപത്രിയുമായി സഹകരിച്ചാണ് ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചത്. ഉഴവൂർ സെന്റ് സ്റ്റീഫൻസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷേർളി രാജു നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ ആമുഖ സന്ദേശം നൽകി, സെന്റ് സ്റ്റീഫൻസ് ചർച്ച് അസി. വികാരി ഫാ. സിബിൻ കൂട്ടക്കല്ലുങ്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കേര പുരുഷ സ്വാശ്രയസംഘം പ്രസിഡന്റ് അഗസ്റ്റിൻ ജോസഫ്, വനിത സ്വാശ്രയ സംഘ ഫെഡറേഷൻ പ്രസിഡന്റ് ആലീസ് ദാസ് എന്നിവർ പ്രസംഗിച്ചു. ജീവിത ശൈലി രോഗങ്ങളും പ്രായോഗിക പ്രതിരോധ നടപടികളും എന്ന

വിഷയത്തിൽ കാരിത്താസ് ആശുപത്രിയിലെ ഡോ. ജീവൻ ജോസഫ് സെമിനാർ നയിച്ചു. 261 പേർ പങ്കെടുത്തു. കോർഡിനേറ്റർമാരായ മേരി ഫിലിപ്പ്, ജിജി ജോയി, മേഖല അനിമേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## മഴവെള്ള സംഭരണി നിർമ്മിച്ചു നൽകി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ആസ്ട്രേലിയൻ ഗവൺമെന്റിന്റെ ധനസഹായത്തോടെ കള്ളാർ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചു നൽകിയ 10000 ലിറ്റർ സംഭരണശേഷിയുള്ള 16 മഴവെള്ള സംഭരണികളുടെ ഉദ്ഘാടനം മാസ്സ് അംഗമായ വെട്ടംതടത്തിൽ സാലിപീറ്ററിന്റെ ഭവനത്തിൽ വച്ച് മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ ആമുഖ സന്ദേശം നൽകി. ചുള്ളിക്കര പള്ളി വികാരി ഫാ. ഫിലിപ്പ് ആനിമൂട്ടിൽ, പടിമരുത് പള്ളി വികാരി ഫാ. തോമസ് ചക്കാനിക്കുന്നേൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മാസ്സ് കോ-ഓർഡിനേറ്റർ സി. സ്നേഹ എസ്.ജെ.സി നന്ദി പറഞ്ഞു. രാജപുരം മേഖലാ കോ-ഓർഡിനേറ്റർ ആൻസി ജോസഫ് പരിപാടികൾക്ക് നേതൃത്വം നൽകി.മ ഴവെള്ള സംഭരണിയുടെ പരിപാലനം സംബന്ധിച്ചുള്ള ലഘുരേഖയും ചടങ്ങിൽ പ്രകാശനം ചെയ്തു.

## കുടിവെള്ള പദ്ധതി കമ്മറ്റി രൂപീകരണയോഗം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി എരുവേശി ഗ്രാമപഞ്ചായത്തിലെ അരീക്കമല കോളനിയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി രൂപീകരണ യോഗം അരീക്കമല കോളനിയിലെ സാക്ഷരതാ സെന്ററിൽ വച്ച് നടത്തി. യോഗത്തിൽ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച വിവിധ കാര്യ

ങ്ങൾ ചർച്ച ചെയ്തു. തുടർന്ന് പദ്ധതി നിർവ്വഹണ കമ്മറ്റി അംഗങ്ങളായി ശ്രീമതി സരോജിനി കോട്ടി (പ്രസിഡന്റ്), ശ്രീമതി സിനി മധു (സെക്രട്ടറി), ശ്രീമതി തമ്പായി പുതുശ്ശേരി എന്നിവരെ തിരഞ്ഞെടുത്തു. തുടർന്ന് നടന്ന ചർച്ചയിൽ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാനുള്ള ഉത്തരവാദിത്വം യോഗം കമ്മറ്റിയെ ചുമതലപ്പെടുത്തി. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് കോളനിയിൽ പഞ്ചായത്ത് വക നിർമ്മിച്ചിരിക്കുന്ന കിണറ്റിൽ നിന്ന് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് നൽകുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോർഡിനേറ്റർ ശ്രീമതി റെനി സിബി, ശ്രീമതി മനോജ്, ഫീൽഡ് ഗൈഡ് ശ്രീമതി സീമാ രാജേഷ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ഇ-ശക്തി പദ്ധതി ആരംഭിച്ചു.

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടെ കണ്ണൂർ ജില്ലയിൽ 66 സ്വയം സഹായസംഘങ്ങളെ ഡിജിറ്റൈസ് ചെയ്യുന്ന ഇ-ശക്തി പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ വിശദീകരണ യോഗം നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. നാഗേഷിന്റെ അദ്ധ്യക്ഷതയിൽ തളിപ്പറമ്പിലുള്ള ഓഫീസിൽ വച്ച് നടത്തപ്പെട്ടു. മാസ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മത്യൂസ് വലിയപുത്തൻപുരയിൽ യോഗത്തിൽ സംബന്ധിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയോടൊപ്പം തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെയ്റോസ്, മിഡ എന്നിവരും പദ്ധതിയുടെ ഭാഗമാകും.

## ഇ-ശക്തി പദ്ധതി ഗ്രാമതല വിശദീകരണ യോഗം സംഘടിപ്പിച്ചു.

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടെ ആരംഭിക്കുന്ന ഇ-ശക്തി പദ്ധതിയുടെ വിശദീകരണ യോഗങ്ങൾ സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയിലെ മാസ്സിന്റെ സംഘങ്ങളെ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയാണിത്. മൈക്കിൾ ഗിരി സെന്റ് മൈക്കിൾസ് പാരീഷ്ഹാളിൽ വച്ചും ചമതച്ചാൽ സെന്റ് സ്റ്റീഫൻസ് പാരീഷ് ഹാളിൽ വച്ചുമാണ് വിശദീകരണ യോഗങ്ങൾ സംഘടിപ്പിച്ചത്. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി റെനി സിബി സ്വാഗതം പറഞ്ഞു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം ഉള്ളാടപ്പുള്ളിൽ പദ്ധതിയുടെ വിവരശേഖരവുമായി ബന്ധപ്പെടുത്തി വിശദീകരണം നൽകി. ഡിജിറ്റൈസേഷൻ നടത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ യോഗം ചർച്ച ചെയ്തു. അംഗ

ങ്ങൾ ഡിജിറ്റൈസേഷന് ആവശ്യമായ രേഖകൾ ആനിമേറ്റേഴ്സിന് നൽക ണമെന്ന് യോഗത്തിൽ അറിയിച്ചു.

## ന്യൂ മോഡൽ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ ഡയറക്ടർ ബോർഡ് മീറ്റിംഗ് നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസ ഹായത്തോടെ മടമ്പം മേഖലയിൽ ആരംഭിച്ച ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ മീറ്റിംഗ് മടമ്പ ത്തുള്ള ഓഫീസിൽ വച്ച് നടത്തപ്പെട്ടു. കമ്പനിയുടെ പ്രധാന പ്രവർത്ത നമായ മുട്ടക്കോഴി വളർത്തലും വിപണനവുമായ കാര്യങ്ങൾ യോഗം ചർച്ച ചെയ്തു. കമ്പനി ഡയറക്ടർ ശ്രീ. ജോസ് ചിറ്റേട്ട് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപു ത്തൻപുരയിൽ യോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തി. കമ്പനി സി.ഇ.ഒ ശ്രീ. ജോസ് ആക്കൽ ആമുഖ സന്ദേശം നൽകി. മാസ്സ് പ്രോഗ്രാം മാനേ ജർ ശ്രീ. അബ്രാഹം ഉള്ളാടപ്പുള്ളിൽ, കമ്പനി ഡയറക്ടർ ബോർഡ് അംഗ ങ്ങൾ എന്നിവർ സംബന്ധിച്ചു. മുട്ടയുടെ വിപണനം കൂടുതൽ കാര്യക്ഷ മമാക്കുന്നതിനാവശ്യമായ കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

## പദ്ധതി അവലോകന മീറ്റിംഗ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ ഗ്രാമവികസന ബാങ്കിന്റെ ധനസഹായത്തോടെ വയനാട് മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളെക്കുറിച്ചുള്ള അവലോകന മീറ്റിംഗ് കൽപറ്റ ഹരിത ഗിരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. പ്രോഗ്രാമിൽ നബാർഡ് വയ നാട് ജില്ലാ അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. ശശികുമാർ സ്വാഗതം പറഞ്ഞു. പുത്തൂർവയൽ സ്വാമിനാഥ ഫൗണ്ടേഷൻ അസി. ഡയറക്ടർ ശ്രീ. വി. വി ശിവൻ അദ്ധ്യക്ഷത വഹിച്ചു. വയനാട് ജില്ലാ ലീഡ് ബാങ്ക് മാനേജർ ശ്രീമതി എം.ഡി ശ്യാമള ഉദ്ഘാടനം ചെയ്തു. തുടർന്ന് വയ നാട്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ സന്നദ്ധ സംഘടനകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളെക്കുറിച്ച് അവലോകനം നടത്തി. മല ബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം ഉള്ളാടപ്പുള്ളിൽ, പെരിക്കല്ലൂർ ഭൂമിക ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി സി.ഇ.ഒ കുമാരി രമ്യാ തങ്കപ്പൻ എന്നി വർ പങ്കെടുക്കുകയും വയനാട്ടിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കു ന്ന വിവിധ പദ്ധതികളെക്കുറിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തു.

## മുട്ടക്കോഴി വളർത്തൽ പരിശീലന പരിപാടി സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടെ വയനാട് ജില്ലയിൽ പെരിക്കല്ലൂർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭൂമിക ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ മുട്ടക്കോഴിവളർത്തൽ പരിശീലനം നൽകി. കമ്പനി ഡയറക്ടർ ശ്രീ. ജോസ് കുന്നത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ബോർഡ് അംഗം ശ്രീ. ലൂക്കോസ് പള്ളിക്കര സ്വാഗതം പറഞ്ഞു. പരിശീലന പരിപാടിയിൽ ശ്രീമതി പ്രീജ വി.എം ക്ലാസ്സെടുത്തു. BV380 കോഴികളുടെ പരിപാലനം, തീറ്റ കൊടുക്കേണ്ട ക്രമം, മെഡിസിൻ നൽകേണ്ട വിധം, മുട്ടയുടെ പ്രത്യേകതകൾ, മാർക്കറ്റിംഗ് തുടങ്ങിയ കാര്യങ്ങൾ ക്ലാസ്സിൽ വിവരിച്ചു. പരിശീലന പരിപാടിയിൽ 55 ഗുണഭോക്താക്കൾ പങ്കെടുത്തു. ശ്രീ. സാൻസ് ജോസ് നന്ദി പറഞ്ഞു. കമ്പനി ഡയറക്ടർ ബോർഡ് അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## സ്വാശ്രയ സംഘ വിപണി ആരംഭിച്ചു.

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വാശ്രയ സംഘാംഗങ്ങളും വരുമാന വർദ്ധനവ് ലക്ഷ്യം വച്ചുകൊണ്ട് നബാർഡിന്റെ സഹകരണത്തോടെ സ്വാശ്രയസംഘ വിപണി ശ്രീപുരത്ത് ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്, കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിയുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. മാസ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ പദ്ധതി വിശദീകരണം നടത്തി. ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ.അബ്രഹാം പറമ്പേട്ട്, മലബാർ റീജണൽ കാറ്റികിസം ഡയറക്ടർ ഫാ.ബിൻസ് ചേത്തലിൽ, ഫാ. അലക്സ് ഓലിക്കര, ഫാ.മാത്തുക്കുട്ടി കുളക്കാട്ട്കുഴി എന്നിവർ സന്നിഹിതരായിരുന്നു. സ്വാശ്രയസംഘ വിപണിയുടെ ആദ്യ വിൽപന അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവ് അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന് നൽകികൊണ്ട് നിർവ്വഹിച്ചു.

മിതമായ നിരക്കിൽ സ്വാശ്രയസംഘാംഗങ്ങൾ ഉത്പാദിപ്പിക്കുന്ന നാടൻ ഭക്ഷ്യോത്പന്ന സാധനങ്ങളും നിത്യോപയോഗ സാധനങ്ങളും ഈ സ്വാശ്രയ സംഘ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്.

## തൊഴിൽ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മലപ്പുറം ജില്ലയിലെ ചുള്ളിയോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വനിതകൾക്കായി ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (NABARD) ന്റെ സഹായത്തോടെ MEDP - പദ്ധതിയുടെ ഭാഗമായി 4 ദിവസം നീണ്ടുനിൽക്കുന്ന ചവിട്ടി നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. പരിശീലന പരിപാടിയുടെ ഉദ്ഘാടനം ചുള്ളിയോട് പ്രത്യാശമാതാ പള്ളി വികാരി ഫാ. സജി ചാഴിശ്ശേരി നിർവ്വഹിച്ചു. മുത്തേടം നിർമ്മല ഭവൻ അഭയകേന്ദ്രം ഡയറക്ടർ ഫാ. ഡോ. രാജു തോട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് കോ-ഓർഡിനേറ്റർ സി. സ്നേഹ SJC സ്വാഗതം പറഞ്ഞു. അനിമേറ്റർ ശ്രീമതി. ലാലി ജോയ് നന്ദി പറഞ്ഞു. പരിശീലന പരിപാടിയുടെ ഭാഗമായി ഉപയോഗശൂന്യമായതുണികൾ ഉപയോഗിച്ച് 3 തരത്തിലുള്ള ചവിട്ടി നിർമ്മാണം പഠിപ്പിക്കുകയുണ്ടായി. പരിശീലന പരിപാടിയിൽ 30 വനിതകൾ പങ്കെടുത്തു. പരിശീലന പരിപാടിക്ക് സി. സ്നേഹ SJCനേതൃത്വം നൽകി. കൂടാതെ പരിശീലകർക്ക് ബാങ്കിംങ്ങ് സംരഭകത്വവികസനം തുടങ്ങിയ വിഷയങ്ങളിൽ ശ്രീ. അബ്രഹാം ഉള്ളാടപ്പുള്ളിൽ, ശ്രീമതി പ്രസീത ബാലകൃഷ്ണൻ തുടങ്ങിയവർ ക്ലാസെടുത്തു. പ്രോഗ്രാമിന് അനിമേറ്റർ ശ്രീമതി. ലാലി ജോയ് നേതൃത്വം നൽകി.

## ഒരു പിടി അരി അശരണർക്ക് ആശ്രയം പദ്ധതി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചുള്ളിയോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വനിതാസ്വാശ്രയ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽകുടുംബ സാന്ത്വന പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായിസ്വാശ്രയസംഘംഅംഗങ്ങൾ ഓരോകുടുംബങ്ങളിലുംസ്ഥാപിച്ചിരിക്കുന്ന ബക്കറ്റുകളിൽ ദിവസവും ചോറ് വയ്ക്കുവാൻ എടുക്കുന്ന അരിയിൽ നിന്നും ചെറിയ ഒരു വിഹിതം മേൽപ്പടി ബക്കറ്റുകളിൽ നിക്ഷേപിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന അരി അനാഥാലയങ്ങൾ, സാമ്പത്തികമായിവളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ, കോളനികൾ എന്നിവിടങ്ങളിൽവിതരണംചെയ്യും . പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം ചുള്ളിയോട് പ്രത്യാശമാതാ പാരിഷ്ഹാളിൽവച്ച്. മുത്തേടം നിർമ്മല ഭവൻ അഭയകേന്ദ്രം ഡയറക്ടർ ഫാ. ഡോ. രാജു തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. സജി ചാഴിശ്ശേരി മുഖ്യപ്രഭാഷണം നടത്തി. സി. മാഹി SJC അദ്ധ്യക്ഷത വഹിച്ചു.അനിമേറ്റർ ശ്രീമതി. ലാലി ജോയ് സ്വാഗതവും ശ്രീമതി. സിനി ബിനു നന്ദിയും പറഞ്ഞു.

**ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ**
അസിസ്റ്റന്റ് /സെക്രട്ടറി മാസ്സ്

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## കെ. സി. ഡബ്ല്യു. എ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 23 ന് ചൈതന്യയിൽ

കോട്ടയം അതിരൂപതയുടെ അൽമായ വനിതാ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ പുതിയ ഭരണസമിതിയുടെ അതിരൂപതാതല പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 23 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 1.30 വരെ അതിരൂപതാ അജപാലന കേന്ദ്രമായ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കും.

## എക്സിക്യൂട്ടീവ് യോഗം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ സംയുക്ത എക്സിക്യൂട്ടീവ് യോഗം സംഘടിപ്പിച്ചു. കോട്ടയം അതിരൂപതാ മെത്രാസന മന്ദരിരത്തിൽ സംഘടിപ്പിച്ച യോഗം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കെ.സി.ഡബ്ല്യു.എയുടെ അടുത്ത മൂന്ന് വർഷത്തേക്കുള്ള പുതിയ ഭാരവാഹികൾ ചുമതലയേറ്റു. സ്ഥാനമൊഴിയുന്ന മുൻഭാരവാഹികളെ മെമന്റോ നൽകി ആദരിച്ചു. പ്രൊഫ. മേഴ്സി ജോൺ (പ്രസിഡന്റ്), സിൻസി പാറയിൽ (സെക്രട്ടറി), ബീന നെടുംചിറ (ട്രഷറർ), ജെസ്സി ചെറുപറമ്പിൽ (വൈസ് പ്രസിഡന്റ്), മേഴ്സി വെട്ടുകുഴിയിൽ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് പുതിയ ഭാരവാഹികളായി ചുമതലയേറ്റത്.

## പ്രവർത്തനോദ്ഘാടനം

കോട്ടയം അതിരൂപതയുടെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 23-ാം തീയതി വെള്ളിയാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സമ്മേളനത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിക്കും.

**സിൻസി പാറയിൽ**
സെക്രട്ടറി

## മലബാർ റീജിയൺ

# കുടുംബ പ്രേഷിത ചൈതന്യ നിറവിൽ ക്നാനായ മാതൃ പിതൃ സംഗമം

ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കോട്ടയം അതിരൂപത മലബാർ റീജണിലെ മാതൃ സംഘടനയായ കെ.സി.ഡബ്ല്യു.എയുടെയും പിതൃ സംഘടനയായ കെ.സി.സി.യുടെയും നേതൃത്വത്തിൽ കുടുംബ പ്രേഷിത ചൈതന്യ നിറവിൽ പെരിക്കല്ലൂർ വെച്ച് നടത്തപ്പെട്ട മാതൃ പിതൃ സംഗമത്തിൽ ആയിരങ്ങൾ അണി ചേർന്നു. കോട്ടയം അതിരൂപത മലബാർ റീജണിൽപ്പെട്ട 45 ഇടവകയിൽ നിന്നും വന്ന മാതാപിതാക്കൾ പൗരാണിക ക്നാനായ വേഷവിധാനങ്ങളോടെ ഒത്തുചേർന്നപ്പോൾ പെരിക്കല്ലൂർ ക്നാനായ ജനസാഗരമായി. രാവിലെ 10.30 ന് യു.റ്റി.സി ക്നാനായ തൊമ്മൻ നഗറിൽ വിവിധ ഇടവകകളിൽ നിന്നും വന്ന മാതാപിതാക്കൾ കുടിയേറ്റ ചൈതന്യ റാലിക്കായി അണിചേർന്നു.വിവിധ ഇടവകകൾ അവരുടെ പ്ലക്കാർഡും പേപ്പൽ പതാകയും കൈകളിലേന്തി വിശ്വാസ പൈതൃക ചൈതന്യ നിറവിൽ റാലിയിൽ പങ്കെടുത്തു. തുടർന്ന് പെരിക്കല്ലൂർ സെന്റ് തോമസ്സ് ഫൊറോന ദേവാലയത്തിൽ കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ തുടങ്ങിയവരുടെയും എല്ലാ വൈദികരുടെയും സഹ കാർമികത്വത്തിൽ സമൂഹബലി അർപ്പിക്കപ്പെട്ടു. ക്രിസ്തീയ കുടുംബ ജീവിതത്തിന്റെ ചൈതന്യം നഷ്ടപ്പെടരുത് എന്നും ആ ചൈതന്യമാണ് സഭയുടെ തേജസ്സ് വർദ്ധിപ്പിക്കുന്നത് എന്നും വി. കുർബാന മധ്യേ നൽകിയ സന്ദേശത്തിൽ ആർച്ച് ബിഷപ്പ് പറഞ്ഞു. പള്ളി മൈതാനത്ത് പ്രത്യേകമായി ക്രമീകരിച്ച പന്തലിൽ നടന്ന പൊതുസമ്മേളനം സുൽത്താൻ ബത്തേരി എം.എൽ.എ ഐസി ബാലകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി.സി റീജിയൺ പ്രസിഡന്റ് ബാബു കദളിമറ്റം അദ്ധ്യക്ഷൻ ആയിരുന്നു. കെ.സി.സി, കെ.സി.ഡബ്ല്യു.എ മലബാർ റീജിയൺ ചാപ്ലയിൻ ഫാ. അബ്രാഹം പറമ്പേട്ട് ആമുഖ സന്ദേശം നൽകി. ബത്തേരി രൂപത മെത്രാൻ ഡോ. ജോസഫ് മാർ തോമസ്സ് മുഖ്യ പ്രഭാഷണം നടത്തി. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കെ.സി.സി അതിരൂപത പ്രസിഡന്റ് ശ്രി.സ്റ്റീഫൻ ജോർജ്ജ് കുടിയേറ്റ പൂർവികരെ ആദരിച്ചു. വിവിധ ഇടവകകളുടെ കലാപരിപാടികൾ ക്നാനായ തനിമ വിളിച്ചോതുന്നതായിരുന്നു.

**ഫാ. ബിൻസ് ചേത്തലിൽ**

മലബാർ റീജിയൺ ഡയറക്ടർ

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ജനുവരി 2018**

6 മെത്രാഭിഷേകദിനത്തിൽ നവ വൈദികരുമൊത്ത് കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു.

– അതിരൂപത വൈദികനായ കൊട്ടാരത്തിൽ ബഹു. ജേക്കബ് അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് താമരക്കാട് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

– ഉഴവൂരിൽ വെട്ടുകല്ലേൽ ബഹു. മത്തായി അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

8–13 കാക്കനാട് നടന്ന സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

14 ഇരവിമംഗലം ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

– കാരിത്താസിൽ പുതുതായി നിർമ്മിച്ച ബിഷപ്പ് ചൂളപ്പറമ്പിൽ ബ്ലോക്ക് വെഞ്ചരിച്ചു.

15 അതിരൂപത മെത്രാസന മന്ദിരത്തിൽ കൂടിയ കെ.സി.ഡബ്ല്യു. എയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

– റാന്നിയിൽ പുതുക്കി നിർമ്മിച്ച സെന്റ് തെരേസാസ് ക്നാനായ മലങ്കര കത്തോലിക്ക ദേവാലയത്തിൽ കൂദാശ കർമ്മത്തിൽ പങ്കെടുത്തു.

16 ചൈതന്യയിൽ കൂടിയ തിയോളജിയൻസ് ഫോറം മീറ്റിംഗിൽ പങ്കെടുത്തു.

– ചൈതന്യയിൽ കൂടിയ കെ.സി.വൈ.എൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

17 കോട്ടയം സീറിയിൽ നടന്ന ഇന്റർ ചർച്ച് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

18 ചൈതന്യയിൽ കൂടിയ വൈദിക സമിതിയിലും പാസ്റ്ററൽ കൗൺസിൽ വൈദിക സമിതി സംയുക്ത മീറ്റിംഗിലും പങ്കെടുത്തു.

– ഇടയ്ക്കാട്ട് മാർ മാക്കീൽ പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

19 കുമരകത്ത് കാരിത്താസ് ആശുപത്രിയുടെ നേതൃത്വത്തിൽ നടന്ന അന്താരാഷ്ട്ര നേഴ്സിംഗ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

– അതിരൂപത മെത്രാസന മന്ദിരത്തിൽ കൂടിയ ലീജിയൻ ഓഫ് മേരി എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

20 പി.ഒ.സിയിൽ നടന്ന സന്യസ്ത കൂട്ടായ്മയിൽ പങ്കെടുത്തു.

21 രാജപുരം ബൈബിൾ കൺവെൻഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

23 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭി. പണ്ടാരശ്ശേരി പിതാവും അമേരിക്കയിൽ നിന്നുള്ള ക്നാനായ റീജിയൻ പ്രതിനിധികളുമൊത്ത് മേജർ ആർച്ച് ബിഷപ്പുമായി കൂടിക്കാഴ്ച നടത്തി.

– കടുത്തുരുത്തിയിൽ മൂന്ന് നോമ്പിനോടനുബന്ധിച്ച് നടന്ന പുറത്തു നമസ്കാരത്തിൽ കാർമ്മികത്വം വഹിച്ചു.

24 മടമ്പം ഫൊറോന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

25 കണ്ണൂരിൽ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സ്വാശ്രയ വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്തു.

– രാജപുരം ഹോളി ഫാമിലി എൽ.പി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ചെയ്യുകയും പുതുതായി നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ തറക്കല്ലിടുകയും ചെയ്തു.

26 ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ മലബാർ റീജിയൺ കെ.സി.വൈ.എൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

– ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ മലബാറിലെ ദേവാലയ ശുശ്രൂഷികളുടെ സംഗമത്തിൽ പങ്കെടുത്തു.

27 മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ അദ്ധ്യാപക-അനദ്ധ്യാപക സംഗമത്തിൽ പങ്കെടുത്തു.

28 പി.ഒ.സിയിൽ കൂടിയ മിഷനറി സംഗമത്തിൽ പങ്കെടുത്തു.

29–30 പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ നടന്ന വൈദികരുടെ തുടർ പരിശീലനത്തിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**February 2018**

1-9 Rome.

10 Navathy Celebrations of St. Thomas High School, Chingavanam.

11 Episcopal Ordination of Msgr. James Anaparampil at Alappuzha.

12 Ash Monday, Holy Qurbana at Cathedral.

13 Combined meeting of KCC, KCWA and KCYL at Chaithanya.

\- Graduation Ceremony at Little Lourdes College of Nursing, Kidangoor.

14 Priests Meeting at Sreepuram, Kannur.

15 Holy Qurbana at OSH Ashram, Kallar.

17 Centenary Celebrations of Town U.P. School, Ettumanoor.

18 Pastoral Visit at Mattakkara.

20 Chaithanya Commissions Meet at Chaithanya.

21 Senat Meeting of Pontifical Institute, Alwaye at Mangalapuzha.

23 Inauguration of yearly Activities of KCWA at Chaithanya.

25 Pastoral Visit at Thadiyampad.

27-28 Regional Bishops' Retreat at Alappuzha.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജനുവരി 2018**

6 ഈ വർഷം അതിരൂപതയിൽ നിന്നും പുരോഹിതരായ വൈദികരുമൊരുമിച്ച് കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

7 ഷാംഷാബാദ് രൂപതാ സ്ഥാപനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു.

8–13 മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തപ്പെട്ട സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.

13 സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവിയുടെ രജത ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

14 കാരിത്താസ് ആശുപത്രിയുടെ ന്യൂക്ലിയർ വിഭാഗത്തിന്റെയും, ഡയറക്ടേഴ്സ് ക്വാർട്ടേഴ്സിന്റെയും വെഞ്ചരിപ്പിലും തുടർന്നു നടന്ന ഉദ്ഘാടന സമ്മേളനത്തിലും പങ്കെടുത്തു.

15 റാന്നി പള്ളിയുടെ കൂദാശകർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു.

16 റാന്നി പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

17 രാജപുരം ബൈബിൾ കൺവൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

18–21 കുവൈറ്റ് ക്നാനായ കൾച്ചറൽ അസോസിയേഷന്റെ വാർഷിക ആഘോഷത്തിൽ പങ്കെടുക്കാൻ കുവൈറ്റ് സന്ദർശിച്ചു.

23 ഉഴവൂർ ഒ.എൽ.എൽ. എച്ച്.എസ്. സ്കൂളിന്റെ ശതാബ്ദി ആഘോഷ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

– കടുത്തുരുത്തി വലിയപള്ളിയിലെ കൽക്കുരിശിൻ ചുവട്ടിൽ നടത്തപ്പെട്ട പുറത്തുനമസ്ക്കാരത്തിൽ വചന സന്ദേശം നൽകി.

25 ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ചു.

26 കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു നടത്തപ്പെട്ട ദേവാലയ ശുശ്രൂഷിമാരുടെ സംഗമത്തിൽ സംബന്ധിച്ചു.

– പിലാത്തറയിൽ നടത്തിയ കണ്ണൂർ രൂപതാ ബൈബിൾ കൺവൻഷനിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

27 കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു നടത്തപ്പെട്ട അദ്ധ്യാപക - അനദ്ധ്യാപക സംഗമത്തിൽ പങ്കെടുത്തു.

28 പയ്യാവൂർ സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഗ്രൗണ്ടിൽ നടത്തിയ മടമ്പം ഫൊറോന ബൈബിൾ കൺവൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

# ENGAGEMENTS

## Mar Joseph Pandarasseril

**February 2018**

1-9 Rome.

11 KCYL Youth Year inauguration at Muttom.

12 Ash Monday.

13-14 Bi-monthly of Priests at Barmariam.

14 Kudiyetta Platinum Jubilee Priests Sangamam at Barmariam, Kannur.

- Kudiyetta Central Committe Meeting at Barmariam.

15 Holy Qurbana and Mantra in co-memoration of the deceased OSH fathers who worked in Malabar during migration.

16,17,18 Pastoral Visit at Perikkalloor.

18 Kudiyetta Platinum Jubilee Elderly Sangamam of Perikalloor Forane at Thettamala.

24 Kudiyetta Platinum Jubilee Elderly Sangamom of Madampam Forane at Alexnagar.

26 ICSE Principals and Managers Meeting at Sreepuram.

**March**

3 Platinum Jubilee Elderly Sangamam of Rajapuram Forane at Rajapuram.

# വചനദർശനം

**ഫെബ്രുവരി 11** **(മത്തായി 5:17–26)**

കരിപുരണ്ട കഞ്ഞിക്കലം അമ്മ രാവിലെ കഴുകി എടുക്കുന്ന രംഗം ഈ അടുത്ത നാളുകൾ വരെ ഉണ്ടായിരുന്നു. വെട്ടിത്തിളങ്ങുന്ന അലൂമിനിയം പാത്രങ്ങളും മൺകലങ്ങളും ഉണങ്ങാനായി കമിഴ്ത്തി വയ്ക്കുമ്പോൾ അവയുടെ ചന്തം മറ്റൊന്നാണ്. ചാരത്തിന് ഇത്രയ്ക്കും ശക്തിയുണ്ടോ എന്ന് പുതുതലമുറയ്ക്ക് അറിയുമോ? 'പേത്തുർത്ത' അഥവാ 'അവസാനിച്ചു' എന്ന വാക്ക് ഓർമ്മിപ്പിക്കുന്നത് ഇതാണ് - പഴയ 'അവസ്ഥ അവസാനിച്ചു.' സ്വയം വിശദീകരിക്കേണ്ട കാലമായി. പിന്നിലേക്ക് തിരിഞ്ഞുനോക്കി, കരിപുരണ്ട നമ്മെ മുഴുവനായി വൃത്തിയാക്കി ഉണങ്ങാനായി കമിഴ്ത്തി വയ്ക്കുകയാണ് വിഭൂതി തിരുനാളിൽ. പക്ഷേ അവിടംകൊണ്ടവസാനിക്കുന്നില്ല. കരിപറ്റാനുള്ള സാധ്യതകൾ മുമ്പിലുണ്ട്. എന്നാൽ മറ്റുള്ളവർക്ക് അന്നം നൽകേണ്ട പാത്രങ്ങളാണ് നാം. നമ്മുടെ ജീവിതമാകുന്ന പാത്രത്തിലൂടെ പുറപ്പെടുവിക്കേണ്ട അന്നമാണ് 'ഈശോ പറയുന്ന നീതി'. ഫരിസേയരുടെ നീതിയല്ല; മലയിൽ കയറി ഈശോ വിളിച്ചുപറയുന്നത്. ഫരിസേയരേയും നിയമജ്ഞരേയും അതിശയിക്കുന്ന നീതിയെക്കുറിച്ചാണ്.

നിയമത്തിന്റെ പൂർത്തീകരണമായ ഈശോ, സീനായി മലയെ ഓർമ്മിപ്പിക്കും വിധം ഒരു മലയിൽ കയറി തന്റെ നിയമം അറിയിക്കുകയാണ്. അവയ്ക്ക് മോശയുടെ നിയമത്തെക്കാൾ തുളഞ്ഞുകയറാൻ ഉള്ള കഴിവുണ്ട്. ഓരോ നോമ്പുകാലവും നമ്മെ പഠിപ്പിക്കുന്നത് ഇതാണ്. 'ഈശോയുടെ നീതിയെ അനുകരിക്കുക'! സ്വർഗ്ഗരാജ്യത്തിൽ ഒരുവനെ വലിയവനാക്കുന്നതും ചെറിയവനാക്കുന്നതും ഈശോയുടെ നിയമം എങ്ങനെ അനുസരിച്ച് എന്നതിലൂടെയാണ്.

ഉൽപത്തി മുതൽ ഈശോയുടെ മനുഷ്യാവതാരം വരെ 'ധാർമ്മികത' വികസനത്തിന്റെ പാതയിലായിരുന്നു. രണ്ടുവരി പാതകൾ കാലക്രമേണ നാലുവരി പാതയാകുന്നതുപോലെയാണ്. 'കൊല്ലരുത്' എന്ന നിയമത്തിന്റെ എല്ലാവശങ്ങളിലേക്കും ഇറങ്ങിച്ചെല്ലുകയാണ് ഈശോ. 'കൊല്ലു

ന്നവൻ മാത്രമല്ല', സഹോദരനോട് കോപിക്കുന്നവനും, അവനെ ഭോഷാ എന്നു വിളിക്കുന്നവനും തെറ്റുചെയ്യുന്നു.

നമ്മുടെ സഹോദരങ്ങളുമായുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ് ഈ നോമ്പുകാലം. മനുഷ്യജീവിതം ഒരു കുരിശാകൃതിയിലാണ്. അതായത്, സ്വർഗ്ഗത്തേയും ഭൂമിയേയും ബന്ധിപ്പിക്കുന്ന മേൽപ്പോട്ടും താഴേയ്ക്കുമുള്ള ഒരു ഭാഗം. ദൈവവും നമ്മളും തമ്മിലുള്ള ബന്ധത്തെ ഇത് സൂചിപ്പിക്കുന്നു. മറ്റൊന്ന്, ഇരുവശങ്ങളിലേക്കുമുള്ള ഭാഗം. സഹോദരങ്ങളുമായുള്ള ബന്ധം ഇതിനെ സൂചിപ്പിക്കുന്നു. രമ്യതയുടെ അടയാളമാണ് കുരിശ്. ഈ രമ്യത സാധ്യമാക്കുന്നതിൽ വിജയിച്ചവനാണ് ക്രൂശിതനായ ഈശോ. ഓരോ ക്രിസ്ത്യാനിയുടെയും ഉത്തരവാദിത്വവും ഇതുതന്നെ - ക്രിസ്തുവിനെ അനുകരിക്കുക. ഏതൊരു സാഹചര്യത്തിലും മറ്റൊരു ക്രിസ്തു ആയിത്തീരുന്നതൊഴികെ മറ്റൊരു വിളിയും ക്രിസ്ത്യാനിക്കില്ല. പൂർണ്ണ വിശ്വാസത്തോടെയും ബോധ്യത്തോടെയും മുന്നോട്ട് നീങ്ങുക.

## നോമ്പ് രണ്ടാം ഞായർ

**ഫെബ്രുവരി 18** **(മത്താ. 7:21–27)**

ഒരു ഭാരതീയ കഥ ഇപ്രകാരമാണ്: ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ഗുരുവിനെ സമീപിച്ച് തന്റെ ആഗ്രഹം അറിയിച്ചു. "ഗുരോ, എനിക്ക് ഒരാഗ്രഹമുണ്ട്. ഹിമാലയത്തിൽപോയി കഠിന തപസ് ചെയ്ത് ആത്മീയതയുടെ പൂർണ്ണതയിൽ എത്തണമെന്ന്. അങ്ങ് ദയവായി എന്നെ അനുഗ്രഹിച്ച് യാത്രയയ്ക്കണം". ഗുരു ശിഷ്യനെ അനുഗ്രഹിച്ച് അയച്ചു. 20 വർഷങ്ങൾ പിന്നിട്ടു. വലിയ തപസും വ്രതങ്ങളും അനുഷ്ഠിച്ച്, താടിയും മുടിയും നീട്ടി ശിഷ്യൻ തിരിച്ചെത്തി. സന്തോഷത്തോടെ തന്റെ ആത്മീയ സിദ്ധികളെക്കുറിച്ച് ഗുരുവിനെ പറഞ്ഞുകേൾപ്പിച്ചു. 'എനിക്ക് ഇപ്പോൾ പുഴയിലൂടെ വെള്ളത്തിനുമീതെ നടന്ന് അക്കരയ്ക്ക് പോകാൻ കഴിയും' ഗുരു ഇത് കേട്ട് നിരാശനായി ഇപ്രകാരം പ്രതികരിച്ചു: 'ഇതിനാണോ ആത്മീയ വളർച്ച എന്നുപറയുന്നത്? വെറും 20 പൈസ കൊടുത്താൽ കടത്തുകാരൻ അക്കരെ കൊണ്ടുപോയി വിടുമല്ലോ. അതിനുവേണ്ടി നീ 20 വർഷം പാഴാക്കിക്കളഞ്ഞല്ലോ.'

ആത്മീയത എന്നാൽ അതീന്ദ്രിയ സിദ്ധികളാണെന്ന ധാരണ എല്ലാ മതങ്ങളിലും ശക്തമാണ്. എന്നാൽ ഇന്നത്തെ സുവിശേഷം നമ്മെ പഠിപ്പിക്കുന്നത് ഭക്താനുഷ്ഠാനങ്ങൾക്കുപരി ദൈവഹിതം നിറവേറ്റുന്നവരാണ് സ്വർഗ്ഗരാജ്യത്തിന് യോഗ്യരാകുന്നത് എന്നാണ്. പ്രാർത്ഥനയും, പുണ്യപ്രവർത്തികളും, ഉപവാസവും, ജാഗരണവും, ആതുരസേവനവും, പൊതുസേവനവും എല്ലാം ദൈവഹിതമാണെങ്കിൽ മാത്രമേ അവയൊക്കെ നമ്മെ ആത്യന്തികമായി ലക്ഷ്യത്തിലെത്തിക്കുകയുള്ളു. പലപ്പോഴും നാം ചെയ്യുന്ന കുറേ കാര്യങ്ങൾ നമ്മെക്കുറിച്ചുള്ള ദൈവഹിതമാണെന്ന് നാം തെറ്റിധരിക്കാൻ ഇടയുണ്ട്. യേശുവിന്റെ സ്വന്തമായിരിക്കുക എന്നതാണ് നമ്മെക്കുറിച്ചുള്ള ദൈവനിയോഗം. ഇത് പൂർത്തിയാക്കുന്നവരാണ് മഹത്വത്തിൽ പ്രവേശിക്കുക.

യേശുവിന്റെ നാമത്തിൽ നാം നടത്തിയ സംഘടനാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളും വലിയ പരിപാടികളും എല്ലാം ദൈവഹിതമാണെന്നു കരുതി പലപ്പോഴും നാം വഞ്ചിതരായിത്തീരാറുണ്ട്. ആത്മാർത്ഥതയും, സത്യസന്ധതയും, സ്നേഹവും, കുരുണയുമില്ലാത്ത ബാഹ്യമായ വർണ്ണപ്പൊലിമകൾ കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താമെന്ന് കരുതുന്നത് സ്വയം വഞ്ചിക്കലായി അവസാനം അവശേഷിക്കും. അതുകൊണ്ട് സ്വയം വഞ്ചിതരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം.

തുടർന്ന് ആരാണ് വിവേകിയെന്നും ആരാണ് ഭോഷനെന്നും യേശു പഠിപ്പിക്കുകയാണ്. യേശുവിന്റെ വചനം കേട്ട് ക്രിയാത്മകമായി പ്രവർത്തിക്കുന്നവനെ 'വിവേകി' എന്നാണ് വിളിക്കുന്നത്. തിരുവചനം ഇപ്രകാരം പഠിപ്പിക്കുന്നു: "നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതിരിക്കട്ടെ" (യാക്കോ. 1:22). വചനം കേൾക്കുക എളുപ്പമാണ്. എന്നാൽ അത് അനുവർത്തിക്കുക ദുഷ്ക്കരവും. അത് ഇടുങ്ങിയ വഴിയിലൂടെ ഉള്ള പ്രവേശനമാണ്. ഏറെ പ്രവർത്തിക്കുന്നവനോ ഏറെ പ്രസംഗിക്കുന്നവനോ അല്ല, ദൈവഹിതം പ്രവർത്തിക്കുന്നവനാണ് വിവേകി. ഭോഷനാകട്ടെ വചനം കേൾക്കുന്നു പക്ഷേ, ജീവിതത്തെ സ്വാധീനിക്കുകയോ പരിവർത്തനത്തിന് വിധേയമാവുകയോ ചെയ്യുന്നില്ല.

പാറമേൽ പണിതതും, മണൽപ്പുറത്ത് പണിതതുമായ ഭവനങ്ങൾക്കു നേർക്ക് മഴയും കാറ്റും വെള്ളപ്പൊക്കവും ഉണ്ടാകുന്നുണ്ട്. പക്ഷേ, പാറ മേൽ പണിയപ്പെട്ട ഭവനം വീഴാതെ നിലകൊള്ളുന്നുണ്ട്. പ്രലോഭനങ്ങളോ പരീക്ഷണങ്ങളോ ഇല്ലാത്ത അവസ്ഥയല്ല ആത്മീയ ജീവിതം. അവയെ അതിജീവിക്കാൻ ആവശ്യമായ ഉറച്ച അടിസ്ഥാനമിടുകയാണ് വിവേകി ചെയ്യേണ്ടത്.

വിശ്വാസി എന്ന് അഭിമാനിക്കുകയും എന്നാൽ ദൈവസന്നിധിയിൽ ഭോഷന്മാരായി ഗണിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയിലാണോ നാമെന്ന് ആത്മശോധന ചെയ്യാൻ തിരുവചനം നമ്മോട് ആവശ്യപ്പെടുന്നു. ക്രിസ്തുവാകുന്ന ഉറച്ച അടിസ്ഥാനത്തിൽ വിശ്വാസജീവിതം പടുത്തുയർത്തേണ്ടവരാണ് നാം. ലോകത്തിന്റെ ആദർശവും തത്വചിന്തകളുമല്ല നമ്മുടെ ജീവിതത്തിന് അടിസ്ഥാനമായി നിലകൊള്ളേണ്ടത്. ക്രിസ്തുവാകുന്ന അടിത്തറയിൽ ജീവിതം പടുത്തുയർത്തിയവർ പ്രതിസന്ധികളിൽ അചഞ്ചലരായി നിലകൊള്ളും.

## നോമ്പ് മൂന്നാം ഞായർ

**ഫെബ്രുവരി 25** **(മത്താ. 20:17–28)**

ജെറുസലേമിലേയ്ക്കുള്ള യാത്രാമദ്ധ്യേ, ജറുസലേമിൽ വച്ച് തനിക്ക് സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഈശോ ശിഷ്യന്മാരെ പല പ്രാവശ്യം അനുസ്മരിപ്പിച്ചിരുന്നു. കേട്ടകാര്യങ്ങളുടെ അർത്ഥം പലപ്പോഴും അവർ ഗ്രഹിച്ചിരുന്നില്ലേൽകൂടിയും ഈശോ വീണ്ടും അവരോട് അരുൾ ചെയ്തു. മൂന്നാം പ്രാവശ്യവും തന്റെ പീഢാനുഭവത്തെക്കുറിച്ച് പ്രവചിക്കുന്ന ഭാഗമാണ് മത്തായി 20:17–19 വരെയും ശിഷ്യന്മാരുടെ ജീവിതത്തിൽ അതിന്റെ പ്രസക്തി എന്തെന്നും വിവരിക്കുന്നതാണ് മത്തായി 20:20–28 വരെയും.

ഈശോ ശിഷ്യന്മാരുടെ മുമ്പേ പോയെന്ന് മർക്കോസ് പറയുന്നു. ലക്ഷ്യത്തിലെത്താനുള്ള അവിടുത്തെ നിശ്ചയദാർഢ്യത്തിന്റെ പ്രകടനമായിരുന്നു ഇത്. എപ്പോഴും തന്നോട് കൂടെ ആയിരിക്കാനും തന്റെ ദൗത്യമേൽപിച്ച് അയയ്ക്കാനും വേണ്ടി പ്രത്യേക വിധം തിരഞ്ഞെടുത്ത് പരി

ശീലിപ്പിച്ച 12 ശിഷ്യന്മാരെയും അടുത്ത് വിളിച്ച് അവരോട് അരുൾ ചെയ്തു. 'ഇതാ നമ്മൾ ജെറുസലേമിലേക്ക് പോകുന്നു. മനുഷ്യപുത്രൻ പ്രധാന പുരോഹിതർക്കും നിയമജ്ഞർക്കും ഏൽപ്പിക്കപ്പെടും. അവർ അവനെ മരണത്തിന് വിധിക്കുകയും ചെയ്യും...... (മത്തായി 20:18-19). ഇതിലും വ്യക്തമായും വിശദമായും തന്റെ അന്ത്യത്തെക്കുറിച്ച് അവിടുത്തേയ്ക്ക് പറയാൻ സാധിക്കുകയില്ല. ഈശോയുടെ ഈ പ്രവചനത്തിന്റെ ക്രമമനുസരിച്ച് മത്തായി അവിടുത്തെ ജീവിതത്തിലെ സംഭവങ്ങൾ വിവരിക്കുന്നു. ഉദാഹരണത്തിന് ജെറുസലേമിലേയ്ക്കുള്ള പ്രവേശനവും പ്രവർത്തനവും പ്രധാന ആചാര്യന്മാരുടെയും നിയമജ്ഞന്മാരുടെയും കൈകളിൽ ഏൽപിക്കപ്പെടുന്നത്, അവനെ തല്ലുന്നതും പ്രഹരിക്കുന്നതും മൂന്നാംദിവസം ഉയിർക്കുന്നതും മത്തായി വിവരിക്കുന്നുണ്ട്. ഈശോയുടെ പ്രവചനങ്ങൾ അക്ഷരംപ്രതി നിറവേറുന്നതാണ് നാം ഇവിടെ കാണുന്നത്.

സഹനത്തിന്റെയും മരണത്തിന്റെയും വഴിയിൽക്കൂടിയാണ് തങ്ങളും ചരിക്കേണ്ടതെന്ന് ശിഷ്യന്മാർ മനസിലാക്കാതെ അവരുടെ ചിന്തകൾ അധികാരത്തെക്കുറിച്ചായിരുന്നു. ദൈവം വാഗ്ദാനം ചെയ്ത മിശിഹായാണ് ഈശോയെന്നവർക്ക് അറിയാമായിരുന്നു. ജെറുസലേമിലേയ്ക്ക് അവൻ കയറിയത് രാജ്യം പുനഃസ്ഥാപിക്കാനാണെന്ന് അവർ ചിന്തിച്ചു. അതുകൊണ്ടാണ് മഹത്വത്തിന്റെ ഇടത്തും വലത്തുമുള്ള സ്ഥാനങ്ങൾ നൽകണമെന്ന് സെബദീപുത്രന്മാരുടെ മാതാവ് ആവശ്യപ്പെടുന്നത്.

വെറും ഒരു ഭൗതിക മിശിഹാ മാത്രമായാണ് അവർ ഈശോയെ കണ്ടിരുന്നത്. ശ്ലീഹന്മാരുടെ ചിന്തയും ചോദ്യവും മാനുഷികമായിരുന്നെങ്കിലും അതിന് മറ്റൊരു ആഴമായ അർത്ഥതലം കൂടിയുണ്ടായിരുന്നു. അറിയാതെ തന്നെ അവരുടെ രക്തസാക്ഷിത്വം ചോദിച്ചുവാങ്ങുകയായിരുന്നു അവർ. ഈശോയുടെ ഉത്ഥാനമഹത്വം അവന്റെ സഹനമരണത്തിന്റെ ഫലമായിരുന്നു. ഈ മഹത്വത്തിൽ പങ്ക് ചോദിക്കുകവഴി അറിയാതെ തന്നെ അവിടുത്തെ സഹനത്തിലും മരണത്തിലും പങ്ക് ചോദിക്കുകയായിരുന്നു. അതുകൊണ്ടാണ് അവിടുന്ന് ഇപ്രകാരം ചോദിച്ചത്: "നിങ്ങൾ

ആവശ്യപ്പെടുന്നത് എന്തെന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കേണ്ട പാനപാത്രം കുടിക്കാനോ ഞാൻ മുങ്ങേണ്ട മാമ്മോദീസ മുങ്ങാനോ നിങ്ങൾക്ക് കഴിയുമോ". അവിടുന്ന് കുടിക്കാനിരുന്ന പാനപാത്രം സഹനത്തിന്റെ കാസായായിരുന്നു. അവിടുന്ന് മുങ്ങാനിരുന്ന മാമ്മോദീസ മരണത്തിന്റേതുമായിരുന്നു. തന്റെ സഹനത്തിലും മരണത്തിലും പങ്കുചേരാൻ ശിഷ്യർക്ക് കഴിയുമോ എന്നായിരുന്നു അവിടുത്തെ ചോദ്യം. അന്തരാർത്ഥം ഗ്രഹിക്കാതെ തങ്ങൾക്ക് സാധിക്കുമെന്ന് അവർ മറുപടി നൽകി. അവിടുത്തെ പാനപാത്രത്തിലും മാമ്മോദീസായിലും അവർ പങ്കുചേരുമെന്ന് അവിടുത്തെ അറിയിച്ചപ്പോൾ സഹനത്തിലും മരണത്തിലും കൂടെ എപ്രകാരം അവർ തന്നോട് താദാമ്യപ്പെടുമെന്ന് അവിടുന്ന് മുൻകൂട്ടി അറിയിക്കുകയായിരുന്നു. ഇപ്രകാരം അവർ അവിടുത്തെ പൂർണ്ണമായി അനുഗമിക്കുന്നവരാകുമെങ്കിലും അവിടുത്തെ മഹത്വത്തിൽ ഇടത്തും വലത്തുമുള്ള സ്ഥാനത്തെക്കുറിച്ച് അവിടുന്ന് ഉറപ്പുനൽകുന്നില്ല. "അത് പിതാവ് ആർക്കുവേണ്ടി ഒരുക്കിയിരിക്കുന്നുവോ അവർക്കുള്ളതാകുന്നു." മുമ്പന്മാർ പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരും ആകുന്നതിന്റെ പിന്നിലെ തത്വംതന്നെയാണ് ഇവിടെയും അടിസ്ഥാനം.

ഈ അവസരം ഉപയോഗിച്ചുകൊണ്ട്, ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹത്തിലെ അധികാരത്തിന്റെ സ്വഭാവം എന്തായിരിക്കണമെന്ന് അവിടുന്ന് പഠിപ്പിക്കുന്നു. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം. കാരണം "മനുഷ്യപുത്രൻപോലും വന്നിരിക്കുന്നത് സേവിക്കപ്പെടാനല്ല, സേവിക്കാനാണ്. അതെ, അനേകർക്കുവേണ്ടി സ്വജീവൻ മോചനദ്രവ്യമായി നൽകാനാണിത്. വിജാതീയരിൽ നിന്ന് വ്യത്യസ്തമായ രീതിയാണിത്. വിനീതമായ ശുശ്രൂഷയിലൂടെയാണ് ക്രിസ്തുവിശ്വാസി അധികാരം വിനിയോഗിക്കേണ്ടത്. മനുഷ്യരെല്ലാവർക്കുംവേണ്ടി സ്വന്തം ജീവൻ മോചനദ്രവ്യമായി സമർപ്പിച്ച മിശിഹായാണ് ഇക്കാര്യത്തിൽ ക്രൈസ്തവർക്ക് മാതൃക.

**ബ്രദേഴ്സ്, വടവാതൂർ സെമിനാരി**

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

## ഉത്ഥാനാനുഭവവും പ്രേഷിതാഭിമുഖ്യവും
(തിരുവചനഭാഗം: മർക്കോ 16, 1–20)

ഈശോയുടെ ഉത്ഥാനം ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനമാണ്: "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രസന്ദേശവും അതുതന്നെയാണ് (നട 2,24). ഈശോയുടെ ഉത്ഥാനം ചരിത്രസംഭവമാണെങ്കിലും അത് ശാസ്ത്രീയവിശകലനത്തിലൂടെയോ ബൗദ്ധികവിചിന്തനത്തിലൂടെയോ കണ്ടുപിടിക്കാവുന്ന ഒന്നല്ല. അത് വിശ്വാസത്തിലൂടെ മാത്രം ബോദ്ധ്യപ്പെടാവുന്ന ഒരു യാഥാർത്ഥ്യമാണ്. സുവിശേഷങ്ങളിൽ രണ്ടു തരം വിവരണങ്ങളിലൂടെയാണ് ഉത്ഥാനം വിവരിക്കുന്നത്: 1. ശൂന്യമായ കല്ലറ; 2. പ്രത്യക്ഷീകരണം. ശൂന്യമായ കല്ലറ മരിച്ചയാൾ തന്നെയാണ് ഉയിർത്തതെന്നു തെളിയിക്കുമ്പോൾ, പ്രത്യക്ഷീകരണം മരിച്ചയാൾ പുതിയ ഒരു അസ്തിത്വം കൈക്കൊണ്ടിരിക്കുന്നു എന്നു തെളിയിക്കുന്നു.

ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാം.

1. 16,1–4 തൈലം പൂശാൻ സ്ത്രീകൾ പോകുന്നു.
2. 16,5–8 ഉത്ഥാനസന്ദേശം കേൾക്കുന്നു.
3. 16,9–13 ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു.
4. 16,14–18 പതിനൊന്നു പേർക്കു പ്രത്യക്ഷപ്പെടുന്നു; പ്രേഷിതദൗത്യം ഏല്പിക്കുന്നു.
5. 16,19–20 സ്വർഗ്ഗാരോഹണം ചെയ്യുന്നു.

ഈ സുവിശേഷഭാഗ വിചിന്തനത്തിലൂടെ ഉത്ഥാനാനുഭവവും പ്രേഷിതാഭിമുഖ്യവും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവയ്ക്ക് പുരോഹിതജീവിതത്തിലും ശുശ്രൂഷയിലുമുള്ള പ്രസക്തിയും പ്രാധാന്യവും എന്താണെന്നും മനസ്സിലാക്കാൻ കഴിയും.

**1. വികാരത്തെക്കാൾ വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം**

"*സാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലേനമറിയവും യാക്കോബിന്റെ അമ്മയായ മറിയവും സലോമിയും അവനെ അഭിഷേകം ചെയ്യുന്നതിനുവേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ, അവർ ശവകുടീരത്തിങ്കലേക്കു പോയി*" (16,1-2).

ഞായറാഴ്ച അതിരാവിലെതന്നെ മൂന്നു സ്ത്രീകൾ ശവകുടീരത്തിലേക്കു പോയി. ഈ സ്ത്രീകൾ ഈശോയുടെ മരണസമയത്തുണ്ടായിരുന്നവരാണ്. ഇതിൽ മഗ്ദലേനമറിയവും മറ്റേ മറിയവും ഈശോയെ കല്ലറയിൽ സംസ്കരിക്കുന്നത് കണ്ടവരുമാണ്. ഇപ്പോൾ അതേ കല്ലറയിലേക്കുതന്നെ അവർ പോകുന്നു. ഈശോയുടെ മൃതശരീരം സുഗന്ധദ്രവ്യങ്ങളുപയോഗിച്ച് ലേപനം ചെയ്യുക എന്നതാണ് അവരുടെ ഉദ്ദേശ്യം. ഈശോയുടെ മൃതദേഹം സംസ്കരിക്കപ്പെടുന്നതിനുമുമ്പ് സുഗന്ധദ്രവ്യങ്ങൾ പൂശി ഒരുക്കുന്നതായി മർക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നില്ല. ആ കുറവ് തദവസരത്തിൽ കണ്ട സ്ത്രീകൾ അതു പരിഹരിക്കാൻ ഇപ്പോൾ വരികയാണ്. ഈശോയുടെ ശരീരം പരമാവധി സുഗന്ധപൂരിതമാക്കുക എന്നതാണ് അവരുടെ ഉദ്ദേശ്യം. ഈശോ തന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് ജീവിച്ചിരുന്നപ്പോൾ പറഞ്ഞിട്ടുള്ളതാണ്. ഈ സ്ത്രീകൾ അതു കേട്ടിരിക്കാനും സാധ്യതയുണ്ട്. എങ്കിലും അത് അവർ വിശ്വസിച്ചില്ല. അതുകൊണ്ടായിരിക്കണം മൃതദേഹം ലേപനം ചെയ്യാൻ അവർ തിടുക്കത്തിൽ ശവകുടീരത്തിനടുത്തേക്കു പോയത്.

ഈശോയുടെ ശവകുടീരത്തിലേക്കു പോയ സ്ത്രീകളെ നയിച്ചത് വിശ്വാസത്തെക്കാൾ വൈകാരികമായ സ്നേഹബന്ധമാണ്. അവരോടൊത്ത് ജീവിച്ചിരുന്ന ഈശോയോടുള്ള സ്നേഹബന്ധമാണ് അതിരാവിലെ അവിടേക്കു ചെല്ലുവാൻ അവരെ പ്രേരിപ്പിച്ചത്. ഇതുപോലെയുള്ള ഒരു വികലത ക്രിസ്തീയ ആദ്ധ്യാത്മികതയിലും കടന്നുവരാനുള്ള സാദ്ധ്യതകളുണ്ട്. ചരിത്രത്തിൽ ജീവിച്ച്, മരിച്ച്, കടന്നുപോയ ഈശോയോടുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തീയജീവിതം നയിക്കുന്ന അനേകരുണ്ട്. ചരിത്രത്തിൽ ജീവിച്ച മഹാത്മാക്കളെ ആദർശപു

രുഷന്മാരായി അംഗീകരിച്ച് അവരുടെ ആദർശങ്ങൾക്കനുസരിച്ച് ജീവിക്കുന്നതുപോലെ ഈശോയെ അനുകരിക്കുന്നവരും അനുഗമിക്കുന്നവരും ഇന്നുമുണ്ട്. മാർ തോമാസ്ലീവായേക്കാൾ കുരിശുരൂപത്തോട് ആഭിമുഖ്യം പുലർത്തുന്നത് ഇതിനൊരുദാഹരണമാണ്. കാണുമ്പോൾ വികാരങ്ങളെ ഉണർത്തുന്ന ഛായാചിത്രങ്ങളോടുള്ള ഭക്തിയും, കാണുമ്പോൾ വിശ്വാസത്തെ ഉണർത്തുന്ന ഐക്കണുകളോടുള്ള ഭക്തിയും തമ്മിലുള്ള വ്യത്യാസമാണ് അവിടെ കാണാൻ കഴിയുന്നത്. യഥാർത്ഥ ക്രിസ്തീയ ജീവിതം വികാരത്തെക്കാൾ വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കണം. അപ്രകാരം ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായി ജീവിക്കുവാനും അങ്ങനെ ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും പുരോഹിതനു കഴിയണം.

**2. ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം**

"*അവൻ അവരോടു പറഞ്ഞു: നിങ്ങൾ അത്ഭുതപ്പെടേണ്ടാ. കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ, അവർ അവനെ സംസ്കരിച്ച സ്ഥലം. നിങ്ങൾ പോയി, അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും പറയുക: അവൻ നിങ്ങൾക്കുമുമ്പേ ഗലീലിയിലേക്കു പോകുന്നു. അവൻ നിങ്ങളോടു പറഞ്ഞിരുന്നതുപോലെ അവിടെവച്ച് നിങ്ങൾ അവനെ കാണും*" (16,6-7).

കല്ലറയിൽ കണ്ട യുവാവിന്റെ വെള്ളവസ്ത്രവും വളരെ വലിയ കല്ല് ഉരുട്ടിമാറ്റിയ അയാളുടെ അമാനുഷികശക്തിയും സന്ദേശവും ആ യുവാവ് ഒരു മാലാഖയാണെന്നു വ്യക്തമാക്കുന്നു (9,3). മാലാഖായുടെ സാന്നിദ്ധ്യം ഉയിർപ്പിന്റെ അതിസ്വാഭാവികമാനത്തെ കുറിക്കുന്നു. അതിസ്വാഭാവിക സംഭവമായ ഉയിർപ്പ് മനുഷ്യനേത്രങ്ങൾക്കു കാണാനാവില്ല. എന്നാൽ ദൈവത്തിന്റെ സഹചാരികളെന്ന നിലയിൽ മാലാഖമാർ അതു കണ്ടു. താൻ കണ്ട സംഭവം മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുകയാണ് മാലാഖായുടെ സാന്നിദ്ധ്യത്തിന്റെ ഉദ്ദേശ്യം. മാലാഖാ വ്യക്തമായി ഉയിർപ്പിന്റെ സന്ദേശം നല്കുന്നു: "കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു.

അവൻ ഇവിടെയില്ല. നോക്കൂ, അവർ അവനെ സംസ്കരിച്ച സ്ഥലം" (16,6). ശൂന്യമായ കബറിടം ഈശോയുടെ ഉത്ഥാനത്തിന്റെ അടയാളമാണ്. ഈ ഉയിർപ്പിന്റെ സന്ദേശം ശിഷ്യന്മാരോടും പത്രോസിനോടും പറയാനും മാലാഖാ അവരോടു പറയുന്നു (16,7).

ഉയിർപ്പിന്റെ സന്ദേശം ശിഷ്യന്മാരോടും പത്രോസിനോടും പോയി പറയണമെന്നുള്ള നിർദ്ദേശത്തിന് വലിയ പ്രാധാന്യമുണ്ട്. മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസം ക്രിസ്തീയവിശ്വാസജീവിതത്തിന് അടിസ്ഥാനപരമാണെങ്കിൽ, അതിന് ആധികാരികത നല്കുന്നത് പന്ത്രണ്ടു ശ്ലീഹന്മാരുടെ വിശ്വാസാനുഭവമാണ്. പത്രോസിന്റെ പേര് മർക്കോസിൽ മാത്രമാണ് എടുത്തുപറഞ്ഞിട്ടുള്ളത്. മർക്കോസിനു തന്റെ ആത്മീയപിതാവായ പത്രോസിനോടുള്ള പ്രത്യേക ബന്ധമായിരിക്കാം അതിനു കാരണം (1 പത്രോ 5,13). പത്രോസിന്റെ നേതൃത്വത്തിലുള്ള ശ്ലീഹന്മാരുടെ സമൂഹമാണ് ഉത്ഥാനത്തിലുള്ള ക്രിസ്തീയവിശ്വാസത്തിന് ആധികാരികത നല്കുന്നത്. അവരാണ് ഈശോയെ കണ്ടതും കേട്ടതും നോക്കിയതും സ്പർശിച്ചതും (1 യോഹ 1,1-4). അതുകൊണ്ട് അവരുടെ വിശ്വാസത്തിലധിഷ്ഠിതമായ 'ശ്ലൈഹികവിശ്വാസ'മാണ് ക്രിസ്തീയവിശ്വാസത്തിന് ആധികാരികത നല്കുന്നത്. ഇപ്രകാരം ശ്ലൈഹികമായ ആധികാരികതയുള്ള, ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. ശ്ലൈഹികമായ ആധികാരികത സഭയിൽ പ്രാവർത്തികമാകുന്നത് ശ്ലൈഹികശുശ്രൂഷയുടെ പിൻതുടർച്ചയായ പൗരോഹിത്യശുശ്രൂഷയിലൂടെയാണ് (റോമാ 15,16). അതുകൊണ്ട് പുരോഹിതൻ ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്നവനും ആ വിശ്വാസം ആധികാരികതയോടുകൂടി പ്രഘോഷിക്കുന്നവനും പ്രബോധിപ്പിക്കുന്നവനും ആയിരിക്കണം.

**3. ഉത്ഥാനാനുഭവമുള്ള ജീവിതം**

*"ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ഉയിർത്തെഴുന്നേറ്റതിനുശേഷം, ഈശോ ആദ്യം മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടു. അവളിൽനിന്നാണ് അവൻ ഏഴു പിശാചുക്കളെ പുറത്താക്കിയത്. അവൾ ചെന്ന് അവനോടുകൂടെ ഉണ്ടായിരുന്നവരെ വിവരം അറിയിച്ചു. അവർ ദുഃഖത്തിലാണ്ടു വില*

*പിച്ചിരിക്കുകയായിരുന്നു. അവൻ ജീവിച്ചിരിക്കുന്നു എന്നും അവൾക്കു കാണപ്പെട്ടു എന്നും കേട്ടപ്പോൾ അവർ വിശ്വസിച്ചില്ല"* (16,9-11).

മിശിഹായുടെ ഉത്ഥാനത്തിൽ വിശ്വസിച്ചാൽമാത്രം പോരാ, ഉത്ഥാനാനുഭവമുണ്ടാകണമെന്ന് സുവിശേഷവിവരണങ്ങളിലെ പ്രത്യക്ഷീകരണങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശോ മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടതിനുശേഷമാണ് അവൾ ചെന്ന് ശിഷ്യരെ വിവരമറിയിക്കുന്നത് (6,9-10). പ്രത്യക്ഷീകരണങ്ങൾ പിന്നീട് ശിഷ്യർക്കും ഉണ്ടായതായി സുവിശേഷങ്ങൾ വിവരിക്കുന്നു. അപ്രകാരം പ്രത്യക്ഷീകരണങ്ങളിലൂടെ മിശിഹായുടെ ഉത്ഥാനം ഒരനുഭവമായി ജീവിതത്തിൽ കടന്നുവന്നപ്പോഴാണ് ശിഷ്യന്മാരും ഉത്ഥാനത്തിന്റെ സുവിശേഷപ്രഘോഷകരായി മാറിയത്. ഈ പ്രത്യക്ഷീകരണങ്ങൾ വ്യത്യസ്തങ്ങളായ രീതികളിലാണ് ശിഷ്യന്മാർക്കും മറ്റുള്ളവർക്കും ഉണ്ടാകുന്നതെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. യോഹന്നാന് ഉത്ഥാനാനുഭവമുണ്ടായത് ഈശോയെ നേരിട്ടു കണ്ടല്ല; അടയാളങ്ങളിലൂടെയാണ്. കല്ലറയിൽ പ്രവേശിച്ചപ്പോൾ കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും കണ്ടുകൊണ്ടാണ് (യോഹ 20,5-8). മഗ്ദലേനമറിയത്തിന് ഈശോ പ്രത്യക്ഷപ്പെട്ടത് തോട്ടക്കാരന്റെ വേഷത്തിലാണ് (യോഹ 20,14-16). ശിഷ്യർക്ക് ഈശോ പ്രത്യക്ഷപ്പെട്ടത് തന്റെ കൈകളും പാർശ്വവും കാണിച്ചുകൊണ്ടാണ് (യോഹ 20,20). എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് ഈശോ പ്രത്യക്ഷപ്പെട്ടത് വഴിപോക്കന്റെ വേഷത്തിലാണ് (ലൂക്കാ 24,13-35).

ഉത്ഥാനംചെയ്ത ഈശോ ഇന്നും ജീവിക്കുന്നുണ്ട്. ഇന്നും നമുക്കും പ്രത്യക്ഷപ്പെടുന്നുണ്ട്. പല വിധത്തിലാണെന്നുമാത്രം. ജീവിതാനുഭവങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഉത്ഥിതനായ ഈശോ നമുക്കു പ്രത്യക്ഷപ്പെടുമ്പോൾ അത് തിരിച്ചറിയുവാനും അതിനനുസൃതമായി പ്രതികരിക്കുവാനും നമുക്കു കഴിയേണ്ടതുണ്ട്. ജീവിതത്തിൽ അത്ഭുതകരവും അപ്രതീക്ഷിതവുമായ സംഭവങ്ങളുണ്ടാകുമ്പോൾ അവിടെ സന്നിഹിതനായിരിക്കുന്ന മിശിഹായുടെ സ്നേഹവും കരുതലും തിരിച്ചറിയാൻ നമുക്കു കഴിയണം. കൂടാതെ അടയാളങ്ങളിലൂടെയുള്ള മിശി

ഹായുടെ സാന്നിദ്ധ്യവും സ്നേഹവും നാം തിരിച്ചറിയണം. പരിശുദ്ധ കുർബാനയും കൂദാശകളും ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യത്തിന്റെ ഉദാത്തമായ അടയാളങ്ങളാണ്. അതുപോലെ ആരാധനക്രമാഘോഷങ്ങളിൽ സഭ നിർദ്ദേശിച്ചിരിക്കുന്ന കർമ്മങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ വ്യത്യസ്തങ്ങളായ രീതികളിൽ ഉത്ഥിതന്റെ സാന്നിദ്ധ്യം നമുക്കു നല്കുന്നവയാണ്. അവയെല്ലാം പഠിക്കാനും തിരിച്ചറിയാനും സാധിച്ചാൽ ഉത്ഥാനാനുഭവത്തിൽ വളരാൻ നമുക്കു കഴിയും. ഇപ്രകാരം ഉത്ഥാനാനുഭവമുള്ള ജീവിതം നയിക്കാൻ എല്ലാവർക്കും, പ്രത്യേകിച്ച് ദിവ്യരഹസ്യങ്ങളുടെ പരികർമ്മികളായ പുരോഹിതർക്കും കഴിയണം. അപ്രകാരം ജീവിക്കാൻ വിശ്വാസികളെ പരിശീലിപ്പിക്കുകയും വേണം.

**4. പ്രേഷിതദൗത്യബോധമുള്ള ജീവിതം**

"*അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും*" (16,15-16).

ഉത്ഥിതനായ ഈശോയെ നേരിട്ടു കാണുവാൻ തങ്ങൾക്ക് അവസരം ലഭിക്കുന്നതിനുമുമ്പേ, ഉത്ഥിതനെ നേരിട്ടു കണ്ടവർ അവന്റെ ഉത്ഥാനത്തെക്കുറിച്ചു നല്കിയ സാക്ഷ്യം കേൾക്കാൻ ശിഷ്യർക്ക് അവസരമുണ്ടായി. ആ സാക്ഷ്യം ശിഷ്യർ പക്ഷേ സ്വീകരിച്ചില്ല. വിശ്വാസരഹിതരും കഠിനഹൃദയരുമെന്ന് ശിഷ്യരെ ഈശോ കുറ്റപ്പെടുത്തിയെങ്കിലും, വലിയ പ്രേഷിതദൗത്യമാണ് അവിടുന്ന് അവരെ ഭരമേല്പിക്കുന്നത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേഷമെത്തിക്കണമെന്നാണ് ഈശോ ആവശ്യപ്പെടുന്നത് (16,15). സുവിശേഷപ്രഘോഷണത്തിനു പ്രത്യുത്തരമായി ഈശോ ആവശ്യപ്പെടുന്നത് വിശ്വാസവും മാമ്മോദീസായുമാണ് (16,16). വിശ്വാസവും മാമ്മോദീസായും തമ്മിലുള്ള അഭേദ്യബന്ധം ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തീയവിശ്വാസം വെറും വ്യക്തിഗതമല്ല; സഭാത്മകമാണ്. "വിശ്വാസം ആരുടെയും സ്വകാര്യസ്വത്തല്ല, സഭയുടേതാണ്" എന്ന ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പായുടെ പ്രസ്താവന വളരെ

പ്രസക്തമാണ്. മാമ്മോദീസായിലൂടെ ഒരാൾ സഭയുടെ വിശ്വാസത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുകയാണ്. സഭയുടെ വിശ്വാസം സ്വാംശീകരിച്ചുകൊണ്ടാണ് സഭാംഗങ്ങളോരോരുത്തരും അവരുടെ വിശ്വാസജീവിതത്തിൽ വളരേണ്ടത്.

വിശ്വാസജീവിതം അതിന്റെ തനിമയിൽ ജീവിക്കുന്നതാണ് സുവിശേഷപ്രഘോഷണം എന്നും ഇവിടെ സൂചനയുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'കെരൂസ്സെയിൻ' എന്ന വാക്കിന്റെ അർത്ഥം 'പ്രസംഗിക്കുക' എന്നല്ല 'പ്രഘോഷിക്കുക' എന്നാണ്. ഈശോ സുവിശേഷം പ്രഘോഷിച്ചത് ജീവിതംകൊണ്ടാണ്. ജീവിതത്തിന്റെ ബഹിർഗമനമായിരുന്നു അവിടുത്തെ 'വാക്കുകളും' 'പ്രവർത്തനങ്ങളും'. ജീവിതമില്ലെങ്കിൽ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും വിശ്വാസ്യതയില്ല. അതുകൊണ്ട് മാമ്മോദീസാ സ്വീകരിച്ച് സഭയുടെ വിശ്വാസജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നവരാണ് ശരിയായ സുവിശേഷപ്രഘോഷകർ. സഭ 'വിശ്വാസികളുടെ സമൂഹം' എന്നാണല്ലോ ആദിമനൂറ്റാണ്ടുകളിൽ അറിയപ്പെട്ടിരുന്നതും (നട 4,32). സുവിശേഷപ്രഘോഷണത്തെ അടയാളങ്ങൾകൊണ്ടു സ്ഥിരീകരിച്ചു എന്നു പറയുമ്പോൾ (16,20) ആ അടയാളങ്ങൾ വിശ്വസിക്കുന്നവരോടുകൂടെയാണെന്നും പറയുന്നുണ്ട് (16,17-18). അതുകൊണ്ട് സഭയുടെ വിശ്വാസം അതിന്റെ തനിമയിൽ ജീവിച്ചുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുന്ന ജീവിതം നയിക്കുവാനാണ് ക്രൈസ്തവരെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഇത്തരത്തിലുള്ള പ്രേഷിതദൗത്യബോധമുള്ള ജീവിതം നയിക്കുവാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം പ്രേഷിതദൗത്യബോധമുള്ള വിശ്വാസികളുടെ സമൂഹമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനാണ് തന്റെ അജപാലനശുശ്രൂഷയിലൂടെ പുരോഹിതൻ ശ്രമിക്കേണ്ടത്.

**5. ഈശോയുടെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്ന ജീവിതം**

*"കർത്താവായ ഈശോ അവരോടു സംസാരിച്ചതിനുശേഷം, സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടമായി. അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു"* (16,19-20).

ഈശോയുടെ സ്വർഗ്ഗാരോഹണവും ശിഷ്യന്മാരുടെ സുവിശേഷപ്രഘോഷണവുമാണ് ഈ രണ്ടു വാക്യങ്ങൾ അവതരിപ്പിക്കുന്നത്. "കർത്താവായ ഈശോ" എന്നാണ് ഇവിടെ ഈശോ വിശേഷിപ്പിക്കപ്പെടുന്നത്. ലൂക്കാ 24,3 ലും ഇതുപോലെ ഈശോയെ വിശേഷിപ്പിക്കുന്നുണ്ട്. അവിടുത്തെ സ്വർഗ്ഗാരോഹണം ലൂക്കാ സുവിശേഷകനും വിവരിക്കുന്നുണ്ടല്ലോ. സ്വർഗ്ഗാരോഹണം ഈശോയുടെ കർതൃത്വത്തിന്റെ വെളിപ്പെടുത്തലായിരുന്നു. രക്ഷാകരകർമ്മം പൂർത്തിയാക്കിക്കൊണ്ട് ഈശോ സർവ്വലോകത്തിന്റെയും കർത്താവായി മാറി എന്നാണ് സ്വർഗ്ഗാരോഹണം സൂചിപ്പിക്കുന്നത്. മിശിഹാ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നത് പഴയനിയമത്തിൽ പ്രവചിക്കപ്പെട്ടിട്ടുള്ളതാണ്: "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക" (സങ്കീ 110,1). ദൈവത്തിന്റെ വലത്തുഭാഗത്ത് ഈശോ ഉപവിഷ്ടനായത് രക്ഷാകരകർമ്മം പൂർത്തിയാക്കിക്കഴിഞ്ഞതിന്റെ സൂചനയാണ്. സർവ്വലോകത്തിന്മേലുമുള്ള ദൈവത്തിന്റെ അധികാരത്തിലും കർതൃത്വത്തിലും ഈശോയും തന്റെ രക്ഷാകരകർമ്മത്തിലൂടെ പങ്കുകാരനായി. ഈ രക്ഷകനായ ദൈവത്തിന്റെ സാന്നിദ്ധ്യവും രക്ഷാകരപ്രവർത്തനവുമാണ് സഭയുടെ സുവിശേഷപ്രഘോഷണത്തിലൂടെ ലോകമെമ്പാടും സന്നിഹിതമാകുന്നത്.

സുവിശേഷപ്രഘോഷണത്തിലൂടെയുള്ള കർത്താവായ ഈശോയുടെ രക്ഷാകരസാന്നിദ്ധ്യത്തെക്കുറിച്ചാണ് മർക്കോസ് സുവിശേഷകന്റെ അവസാനത്തെ വാചകം സൂചിപ്പിക്കുന്നത്: "അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (16,20). ഈശോയുടെ പ്രവർത്തനം ഭൂമിയിൽ ശിഷ്യരിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു. ശിഷ്യന്മാരിലൂടെ സംഭവിക്കുന്നത് ഈശോയുടെ പ്രവർത്തനംതന്നെയാണ്. അവരിലൂടെ താൻതന്നെയാണു പ്രവർത്തിക്കുന്നതെന്ന് അടയാളങ്ങളിലൂടെ അവിടുന്നു സ്ഥിരീകരിക്കുകയും ചെയ്തു. സഭയോടൊത്തുള്ള നമ്മുടെ വിശ്വാസജീവിതം ഈശോയുടെ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കും. ഇവിടെ 'അടയാള

ങ്ങൾ' എന്നു വിശേഷിപ്പിക്കുന്നത് കരിസ്മാറ്റിക് അടയാളങ്ങൾ മാത്രമല്ല. ഈശോയുടെ രക്ഷാകരസ്നേഹത്തിന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർത്താവിന്റെ പ്രവർത്തനത്തിന്റെ അടയാളങ്ങളായി പരിഗണിക്കേണ്ടതാണ്. ഈ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കിത്തീർക്കുന്ന ഒരു ജീവിതമാണ് പുരോഹിതൻ നയിക്കേണ്ടത്. അപ്രകാരം ജീവിക്കുവാൻ തന്റെ അജപാലനശുശ്രൂഷയിലൂടെ വിശ്വാസികളുടെ സമൂഹത്തെ സജ്ജമാക്കുകയും വേണം.

**ജീവിതസൂചിക**

1. എന്റെ വിശ്വാസജീവിതത്തിൽ വികാരത്തിനാണോ വിശ്വാസത്തിനാണോ ഞാൻ പ്രാധാന്യം നല്കുന്നത്?
2. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണോ എന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും നിർണ്ണയിക്കുന്നത്?
3. ഏതെല്ലാം വിധത്തിലാണ് മിശിഹായുടെ ഉത്ഥാനാനുഭവം സ്വന്തമാക്കാൻ എനിക്കു കഴിയുന്നത്?
4. പ്രേഷിതദൗത്യബോധത്തോടെ എപ്പോഴും ജീവിക്കുവാനും പ്രവർത്തിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
5. ഈശോയുടെ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കുന്ന ജീവിതം നയിക്കുവാൻ ഞാൻ എപ്രകാരം ശ്രദ്ധിക്കണം?

# വാർത്തകൾ

## ഭയത്തെ അതിജീവിക്കുക : ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ സിറ്റി : സ്വാഗതം ചെയ്യുന്നവരുടെയും സ്വാഗതം ചെയ്യപ്പെടുന്നവരുടെയും ഭയങ്ങൾ "മാനുഷികമായ ഒരു പരിപ്രേക്ഷ്യത്തിലൂടെ ഗ്രഹിക്കാവുന്നതനുസരിച്ച് സംശയത്തിൽ അധിഷ്ഠിതമാണ്;" എന്നാൽ "നമ്മുടെ പ്രതികരണങ്ങളെ നിർണ്ണയിക്കുന്നതിന്, നമ്മുടെ തെരഞ്ഞെ

ടുപ്പുകളെ പരിമിതപ്പെടുത്തുന്നതിന്, മഹാമനസ്കതയും ആദരവും വിട്ടുവീഴ്ച ചെയ്യുന്നതിന് ശത്രുതയെയും തിരസ്ക്കരണത്തെയും വളർത്തുന്നതിന് ഈ ഭയങ്ങളെ അനുവദിക്കുന്നതാണ് തിന്മ എന്നത്" എന്ന് ജനുവരി 14-ന് അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും വേണ്ടിയുള്ള ലോകദിനത്തിൽ, വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ അർപ്പിക്കപ്പെട്ട ദിവ്യബലിമധ്യേ നൽകിയ വചനസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ എടുത്തുപറഞ്ഞു.

മറ്റൊരു വ്യക്തിയുമായുള്ള യഥാർത്ഥ കണ്ടുമുട്ടൽ ആ വ്യക്തിയെ സ്വാഗതം ചെയ്യുന്നതോടെ അവസാനിക്കുന്നില്ല. മറിച്ച് ഈ ദിനത്തിന്റെ സന്ദേശത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ മറ്റ് മൂന്നു പ്രവൃത്തികളെയും അത് ഉൾക്കൊള്ളുന്നു; സംരക്ഷിക്കുക, പ്രചോദിപ്പിക്കുക, സമന്വയിപ്പിക്കുക എന്നിവയാണവ. അയൽക്കാരനുമായുള്ള യഥാർത്ഥ കണ്ടുമുട്ടലിൽ, സ്വാഗതം ചെയ്യപ്പെടാനും സംരക്ഷിക്കപ്പെടാനും പ്രചോദിപ്പിക്കപ്പെടാനും സമന്വയിപ്പിക്കപ്പെടാനും ആവശ്യപ്പെടുന്ന യേശുക്രിസ്തുവിനെ നമുക്ക് തിരിച്ചറിയാൻ കഴിയും. ഇതാണ് സുവിശേഷത്തിലെ അന്ത്യവിധിയുടെ ഉപമയിലൂടെ നമ്മെ പഠിപ്പിക്കുന്നത്; കർത്താവ് വിശക്കുന്നവനായിരുന്നു, ദാഹിക്കുന്നവനായിരുന്നു, നഗ്നനായിരുന്നു, രോഗിയായിരുന്നു, പരദേശിയായിരുന്നു, കാരാഗൃഹവാസിയായിരുന്നു. ചിലർ അവിടുത്തെ സഹായിക്കുകയും മറ്റുചിലർ അവിടുത്തെ സഹായിക്കാതിരിക്കുകയും ചെയ്തു (cf. മത്താ. 25:31-46). യേശുവുമായുള്ള യഥാർത്ഥ കണ്ടുമുട്ടൽ രക്ഷയുടെ സ്രോതസ്സാണ്.

## ഭാവിപ്രതീക്ഷകൾ നൽകാത്ത ജയിൽശിക്ഷ പീഡനമാണ്: ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ സിറ്റി : നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശകളും സ്വപ്നങ്ങളും നഷ്ടപ്പെടുത്തുക എന്നല്ല അർത്ഥം. അത് വാസ്തവമാണ്; അത് വളരെ വേദനാപൂർണ്ണമാണ്. പക്ഷേ, പ്രത്യാശ നഷ്ടപ്പെടുത്തുക, സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്ന് ഇതിനർത്ഥമില്ല. നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടു

ന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകുന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്കപ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം, സംരക്ഷിക്കപ്പെടണം, അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്കും അന്തസ്സ് നിഷേധിക്കരുത്. നിങ്ങൾക്ക് സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. നമുക്ക് മാറാൻ സാധിക്കുകയില്ല, ശ്രമിച്ചിട്ടു കാര്യമില്ല, ഒന്നും ഒരു മാറ്റവുമുണ്ടാക്കുകയില്ല എന്ന് നമ്മോട് പറയുന്ന അല്പത്വം നിറഞ്ഞ പഴകിയ പദങ്ങൾ നാം തിരസ്ക്കരിക്കേണ്ടതുണ്ട്.

## അത്മായജനങ്ങൾ ദാസന്മാരല്ല: ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ സിറ്റി : പ്രേഷിതദൗത്യം തിരുസഭ മുഴുവന്റേതുമാണെന്നും, ഒരു വൈദികന്റെയോ മെത്രാന്റെയോ മാത്രമല്ലെന്നും മനസിലാക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച അതിന്റെ ചക്രവാളത്തെ പരിമിതപ്പെടുത്തുന്നു. അതിലും ദാരുണമായി പരിശുദ്ധാത്മാവ് നമ്മുടെ മനസിൽ ഉണർത്താവുന്ന ഉദ്യമങ്ങളെ അതു ശ്വാസംമുട്ടിക്കും. ഇക്കാര്യത്തിൽ നമുക്ക് വ്യക്തത ഉണ്ടാവട്ടെ. അത്മായ ജനങ്ങൾ നമ്മുടെ പ്യൂൺമാരോ ജീവനക്കാരോ അല്ല. നാം പറയുന്നതെല്ലാം അവർ തത്തപറയുന്നതുപോലെ ആവർത്തിക്കേണ്ടതും ഇല്ല. "വൈദികമേധാവിത്വം വിവിധങ്ങളായ സംഭാവനകൾക്കും നിർദ്ദേശങ്ങൾക്കും പ്രചോദനം നൽകുന്നില്ലെന്ന് മാത്രമല്ല, തിരുസഭ ഒന്നാകെ സാക്ഷ്യം വഹിക്കുന്നതിനായി വിളിക്കപ്പെട്ടിരിക്കുന്ന പ്രവാചക ജ്വലനത്തെ സാവകാശം കെടുത്തിക്കളയുകയും ചെയ്യുന്നു. തിരുസഭയുടെ ദൃശ്യപരതയും കൗദാശികത്വവും, തിരഞ്ഞെടുക്കപ്പെട്ട ഏതാനും പേർക്കോ, നവമായ ഉണർവ് ലഭിച്ച ഏതാനും പേർക്കോ മാത്രമല്ലെന്നും ദൈവത്തിന്റെ വിശ്വാസിസമൂഹത്തിന് മുഴുവനായുള്ളതാണ് എന്നത് വൈദിക മേധാവിത്വം മറന്നുപോകുന്നു" (cf. 'ജനതകളുടെ പ്രകാശം (Lumen Gentium), 9-14)[2].

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി. തലത്തിൽ സഭാ

ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സിയിൽ ആരംഭിക്കുന്നു. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെ.സി.ബി.സി ഫാമിലി കമ്മീഷനായിരിക്കും ഇതിന് നേതൃത്വം കൊടുക്കുക. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം.

2018 ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള രണ്ടു വിവാഹ ഒരുക്ക കോഴ്സുകളാണ് പി.ഒ.സിയിൽ ഒരുക്കിയിരിക്കുന്നത്. 1) ഏപ്രിൽ 13, 14, 15. 2) നവംബർ 9, 10, 11.

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി ഫാമിലി കമ്മീഷൻ പി.ഒ.സി, പാലാരിവട്ടം, കൊച്ചി - 682 025,

ഫോൺ: 99950 28229, 94958 12190.

Email: kcbcfamilycommission@gmail.com

Website: www.kcbcfamilycommission.org

## അപ്നാദേശിന്റെ ആഭിമുഖ്യത്തിൽ കോട്ടയം അതിരൂപത അൽമായ സംഘടനാ നേതൃസംഗമവും ഏകദിന പഠനശിബിരവും ഫെബ്രുവരി 13 ന് ചൈതന്യയിൽ

അപ്നാദേശിന്റെ ആഭിമുഖ്യത്തിൽ കോട്ടയം അതിരൂപതയിലെ അൽമായ സംഘടനകളായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് (KCC), ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ (KCWA), ക്നാനായ കാത്തലിക് യൂത്ത് ലീഗ് (KCYL) എന്നിവയുടെ നേതൃസം

ഗമവും ഏകദിന പഠനശിബിരവും 2018 ഫെബ്രുവരി 13 ചൊവ്വാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യും. "അൽമായ സംഘടനകൾ സഭയിൽ-സമുദായത്തിൽ-സമൂഹത്തിൽ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന ഏകദിന പഠനശിബിരത്തിൽ സമുദായ സംഘടനകളുടെ ദർശനങ്ങളും ആഭിമുഖ്യങ്ങളും ചർച്ച ചെയ്യപ്പെടും. അതിരൂപതാ സമുദായ സംഘടനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുവാൻ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന പഠനശിബിരത്തിൽ ഓരോ ഫൊറോനയിലെയും കെ.സി.സി, കെ.സി.ഡബ്ല്യു.എ, കെ.സി.വൈ.എൽ സംഘടനകളുടെ ചാപ്ലെയിൻമാരും മൂന്ന് സംഘടനകളുടെയും അതിരൂപതാ, ഫൊറോന ഭാരവാഹികളും ഓരോ യൂണിറ്റിലെയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരും പങ്കെടുക്കും.

## വൈദികരുടെ തുടർ പരിശീലനം സംഘടിപ്പിക്കുന്നു

അതിരൂപതയിലെ ബഹു. വൈദികർക്കായുള്ള തുടർ പരിശീലനത്തിന്റെ ആദ്യബാച്ചിന്റെ പരിശീലനം ജനുവരി 29-30 തീയതികളിൽ പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ സംഘടിപ്പിച്ചു. 38 പേർ പങ്കെടുത്തു. രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം മാർച്ച് 20-21 തീയതികളിലാണ് സംഘടിപ്പിക്കുന്നത്. 20 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് 21-ാം തീയതി വൈകുന്നേരം 5 മണിക്ക് സമാപിക്കും.